2017 മാർച്ച് 10
വാല്യം 10
ലക്കം 05

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ചെകുത്താൻ വാഴുന്ന ദൈവത്തിന്റെ സ്വന്തം നാട്



ദൈവത്തിന്റെ സ്വന്തം നാടിന് എന്തുപറ്റി എന്ന ചോദ്യം പലരും ചോദിക്കുവാൻ തുടങ്ങിയിട്ട് കാലങ്ങൾ കുറെയായി. ലോകമെങ്ങുമുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ നമ്മുടെ ടൂറിസം വകുപ്പ് ഇറക്കിയ പ്രസിദ്ധമായ വാചകമാണ് കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നത്. ആ വാക്കുകൾ അന്വർത്ഥമാക്കുന്നതായിരുന്നു ഒരു കാലത്ത് കേരളത്തിലെ സാമൂഹ്യസ്ഥിതി. ജാതി-മത ഭേദമില്ലാതെ സഹവർത്തിത്വത്തോടെ കഴിഞ്ഞിരുന്ന ജനത പ്രകൃതിഭംഗികൊണ്ട് ലോകത്തെ ഏതൊരു സ്ഥലത്തെയും തോല്പിച്ച നാട്. കാലാവസ്ഥയാകട്ടെ ലോകത്തിൽ മറ്റൊരു രാജ്യത്തിനും അവകാശപ്പെടുവാൻ കഴിയാത്ത നിലയിൽ ആയിരുന്നു. വിദ്യാസമ്പന്നരും അധ്വാനശീലരും ആയ ജനത. രാഷ്ട്രീയ പ്രബുദ്ധതയുള്ള നാട്. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയായിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് ആകെ മാറിയിരിക്കുന്നു. പുഴകളാൽ സമൃദ്ധമായിരുന്ന നമ്മുടെ നാട് ഇന്ന് ദാഹജലത്തിനുവേണ്ടി നെട്ടോട്ടം ഓടുന്നു. കാർഷിക വൈവിധ്യം കൊണ്ട് സമൃദ്ധമായിരുന്ന നാട് ഇന്ന് ഭൂമാഫിയ താണ്ഡവം ആടി നാശത്തിന്റെ വക്കിലെത്തിച്ചുകഴിഞ്ഞു. ഒരു കാലത്ത് വടക്കൻ ഭാരതത്തിൽ മാത്രം കേട്ടുകേൾവിയുണ്ടായിരുന്ന ഗുണ്ടായിസവും തട്ടിക്കൊണ്ടുപോകലും മുതൽ മാംസകച്ചവടവും മയക്കുമരുന്നു വ്യാപാരവുമെല്ലാം ഇവിടെ സർവ്വസാധാരണമായി മാറിക്കഴിഞ്ഞു.

ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ വർദ്ധിച്ചുവരുന്ന സ്പർദ്ധ ആശങ്ക ഉളവാക്കുന്നു. എന്തിനും ഏതിനും തല കൊയ്യുന്ന നിലയിലേക്ക് സാക്ഷരത കേരളം അധഃപതിച്ചിരിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങളെപ്പോലും പിച്ചിചീന്തുന്ന നരാധമന്മാരുടെ കേരളം. സ്ത്രീകൾക്ക് സുരക്ഷിതത്വം തെല്ലും അവകാശപ്പെടുവാൻ കഴിയാതെ ഭയത്തിൽ കഴിയേണ്ട കേരളം.

കുറ്റവാളികൾ മഹത്വവൽകരിക്കപ്പെടുന്ന പ്രവണത വർദ്ധിക്കുന്നത് ആശങ്കയോടെയല്ലാതെ കാണുവാൻ കഴിയില്ല. കുറ്റവാളികളെ പിന്തുണയ്ക്കുന്ന നിലയിലേക്ക് ചില രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥവൃന്ദവും മാറിയപ്പോൾ സാധാരണക്കാരൻ നീതികിട്ടുവാൻ കഴിയില്ല എന്ന ചിന്ത പരക്കെ ഉണ്ട്. തട്ടിപ്പുകൾ നടത്തിയ സരിതനായരെ സിനിമയിൽ നായികയാക്കുന്ന നാടാണിത്. ഏത് കൊലപാതകിക്കും വേണ്ടിവാദിക്കുവാൻ എണ്ണം പറഞ്ഞ വക്കീലന്മാർ പാഞ്ഞെത്തുന്നത് കാണുമ്പോൾ അധോലോകത്തിന്റെ കരാളഹസ്തം എവിടെവരെ എത്തപ്പെട്ടു എന്ന് മനസ്സിലാക്കുവാൻ കഴിയും. ജിഷയും ജിഷ്ണുവും നമ്മുടെ മുമ്പിൽ സങ്കടക്കടൽ ഉയർത്തുന്നു. സേവനത്തിന്റെയും ത്യാഗത്തിന്റെയും വസ്ത്രം ധരിച്ചിട്ട് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ നശിപ്പിച്ച ഫാദർ റോബിൻ വടക്കുംചേരിയും സിനിമാനടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച് ബ്ലാക്ക്മെയിലിംഗിനായി ഫോട്ടോകളെടുത്ത സുനിയും സോളാർ തട്ടിപ്പിലൂടെ കുപ്രസിദ്ധയായ സരിതയും കുട്ടികളെ വിദ്യാഭ്യാസത്തിലൂടെ നേർവഴിക്കാക്കേണ്ടതിനു പകരം ജിഷ്ണുവിനെ മരണത്തിലേക്ക് എത്തിച്ച നെഹ്റു കോളജ് അധികാരികളും ഭരണത്തിന്റെ മറവിലൂടെ സർക്കാർ ഭൂമി അടിച്ചെടുത്താലോ അക്കാഡമിയുമൊക്കെ ഈ സമൂഹത്തിലെ പുഴുക്കുത്തുകളാണ്.

ഇന്ന് ആർക്കും ആരെയും വിശ്വാസമില്ലാതെയായിരിക്കുന്നു. കാരണം വിശ്വസിക്കുവാൻ കഴിയാത്ത നിലയിലേക്ക് പരസ്പരം സംശയിക്കത്തക്കനിലയിൽ അധഃപതിച്ചു കഴിഞ്ഞു. പരസ്പരം ചെളി വാരിയെറിഞ്ഞും ആരോപണ പ്രത്യാരോപണങ്ങൾ നടത്തിയും രാഷ്ട്രീയക്കാർ വിദഗ്ധമായി രക്ഷപ്പെടുന്നു.

നമ്മുടെ കൊച്ചുകേരളം ഇന്ന് ചെകുത്താന്റെ പിടിയിലാണ്. ഇവിടെയുണ്ടായിരുന്ന ഒരു സംസ്കാരത്തെ തച്ചുടച്ച് പാശ്ചാത്യസംസ്കാരത്തിന്റെ വിസർജ്ജ്യത്തെ പുൽകുവാൻ ശ്രമിക്കുന്ന ഒരു തലമുറയുടെ അത്യാഗ്രഹമാണ് നമ്മുടെ നാടിന്റെ ശാപം. പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം നൽകിയ തിരിച്ചടി പച്ചപരവതാനി വിരിച്ചിരുന്ന കേരളത്തെ വളരെ വേഗം മരുഭൂമിയാക്കിക്കൊണ്ടിരിക്കുകയാണ്. കുന്നുകൾ ഇടിച്ച് വയലുകൾ നികത്തുന്ന രാക്ഷസന്മാരുടെ കിരാതപ്രവർത്തികളുടെ ഫലം ഇന്ന് പ്രത്യക്ഷത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. സമൃദ്ധമായിരുന്ന കുളങ്ങളും നദികളും വറ്റിവരണ്ടു. ഭൂഗർഭജലം പതിനെട്ട് അടിയിലേറെയാണ് താഴ്ന്നുപോയിരിക്കുന്നത്. അടുത്ത ചില വർഷങ്ങൾക്കുള്ളിൽ കേരളം മരുഭൂമിയാകുമെന്ന മുന്നിറിയിപ്പ് ഇപ്പോഴും പരിഹസിച്ച് തള്ളുകയാണ്. ശുദ്ധജലത്തിന്റെ നാടായിരുന്ന കേരളം ഇന്ന് കുപ്പിവെള്ളത്തെ ആശ്രയിക്കുന്നു.

വാർദ്ധക്യത്തിൽ എത്തിയിരിക്കുന്നവരെ വൃദ്ധസദനങ്ങളിൽ അടച്ചും ജീവിതം അടിച്ചുപൊളിച്ചും മുന്നേറുന്ന തലമുറ നഷ്ടപ്പെടുത്തിയത് ഒരു നാടിന്റെ സംസ്കാരത്തെയാണ്. നമുക്കേവർക്കും അഭിമാനമായിരുന്ന ഭാരതസംസ്കാരം. കൊല്ലും കൊലയും കവർച്ചയും തട്ടിപ്പും വെട്ടിപ്പും കൊടികുത്തിവാഴുന്ന ഈ നാട് ദൈവത്തിന്റെ നാട് എന്നു പറയുന്നവൻ ഭ്രാന്തൻ അല്ലാതെ മറ്റാരാണ്. ഇത് ചെകുത്താന്റെ നാട്.

## ഐ.പി.സി. തിയോളജിക്കൽ സെമിനാരി കോട്ടയം 14-ാമത് ഗ്രാഡുവേഷൻ സർവീസ്



**കോട്ടയം:** ഐ.പി.സി തിയോളജിക്കൽ സെമിനാരിയുടെ പതിനാലാമത് ഗ്രാഡുവേഷൻ സർവീസ് 2017 ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഒരു മണി വരെ സെമിനാരി ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ഗ്രാഡുവേഷനോടനുബന്ധിച്ചുള്ള സ്തോത്ര ശുശ്രൂഷ 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ നടത്തപ്പെട്ടു. ഗ്രാഡുവേഷനും സ്തോത്രശുശ്രൂഷയിലും ആഷ്ബറി യുണിവേഴ്സിറ്റിയുടെ (യുഎസ്എ) പ്രസിഡന്റ് ഡോക്ടർ തോമസ് റ്റംബ്ലിൻ മുഖ്യ സന്ദേശം നൽകി. കർത്തൃമേശ ശുശ്രൂഷയ്ക്ക് ഡോ. ഇടിച്ചെറിയ നൈനാൻ നേതൃത്വം നൽകി.

ഫെബ്രുവരി 18-ന് നടന്ന ഗ്രാഡുവേഷൻ സമ്മേളനത്തിൽ സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്റർ 2016-17 പ്രവർത്തനവർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാഡുവേറ്റ് ചെയ്ത 55 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ. എബി പീറ്റർ സർട്ടിഫിക്കറ്റുകൾ

06

## സാക്ഷി



ഐസക് തോമസിന്റെ ബജറ്റ് ചോർന്നു. നിയമസഭയിൽ ബഹളം - വാർത്ത

*സർവ്വരഹസ്യങ്ങളും അറിയുന്ന ഒരുവൻ ഉയരത്തിൽ ഉണ്ടല്ലോ.*

## ഐസിന്റെ പുതിയ ലക്ഷ്യം: ഈജിപ്റ്റിലെ ക്രൈസ്തവർ




പ്രകാശ് പി. കോശി



സിറിയിലേയും ഇറാക്കിലേയും വംശ ശുദ്ധീകരണത്തിന് ശേഷം ഇസ്ലാമിക് സ്റ്റേറ്റ് ഈജിപ്റ്റിലെ ക്രൈസ്തവരെ കൊന്നൊടുക്കാൻ ആരംഭിച്ചിരിക്കുന്നു.

കഴിഞ്ഞ മാസം തന്നെ ഈ ഭീകര സംഘടന ഈജിപ്റ്റിലെ സീനായി പ്രോവിൻസിൽ 7 ക്രൈസ്തവരെ അതിക്രൂരമായി കൊലപ്പെടുത്തി. ഇത് മൂലം ക്രൈസ്തവർ ഇവിടെ നിന്ന് കൂട്ടത്തോടെ പാലായനം ചെയ്യുന്നു. അടുത്തയിടെ ഐസ് പുറത്തുവിട്ട ഒരു വീഡിയോയിൽ ഈജിപ്റ്റിലെ ക്രൈസ്തവരെ കൊന്നൊടുക്കും എന്ന് വെല്ലുവിളിച്ചിട്ടുണ്ട്. സിറിയയിലേയും ഇറാക്കിലേയും ലക്ഷകണക്കിന് ക്രൈസ്തവരെ കൊന്നൊടുക്കുയോ, നാടുകടത്തുകയോ ചെയ്ത ഐഎസ് ക്രൈസ്തവ വിമുക്ത ലോകം ആണ് വിഭാവനം ചെയ്യുന്നത്. ഈ രണ്ടു രാജ്യങ്ങളിലും ഇവരുടെ ലക്ഷ്യം ഏകദേശം പൂർത്തീകരിക്കാനായി.

ഇനി ഈജിപ്റ്റിന്റെ ജനസംഘടനയുടെ 10% വരുന്ന കോപ്റ്റിക് ക്രൈസ്തവരെ ഉൻമൂലനം ചെയ്യുകയാണ് ഇവരുടെ അടുത്ത ലക്ഷ്യം. പാലസ്റ്റീൻ ഭീകര സംഘടനയായ ഹമാസും രഹസ്യമായി ഐസിനെ സീനായിൽ സഹായിക്കുന്നു എന്ന് യിസ്രായേൽ ആരോപിക്കുന്നു. കള്ളകടത്തും തട്ടികൊണ്ടുപോകലിനും പ്രസിദ്ധമായ സീനായ് പ്രവശ്യ ഐസിന്റെ ശക്തമായ ഒരു രഹസ്യ കേന്ദ്രമാണ്.

മുസ്ലീം ബ്രദർഹുഡിന്റെ നേതൃത്വത്തിൽ മുർസി ഈജിപ്റ്റിൽ അധികാരത്തിൽ എത്തിയപ്പോൾ ഈ ഭീകര സംഘടങ്ങൾ ക്രൈസ്തവർക്കെതിരെ അക്രമണങ്ങൾ അഴിച്ചുവിട്ടിരുന്നു. എന്നാൽ ഫത്താ അൽ സിസിയുടെ നേതൃത്വത്തിൽ മുർസി സർക്കാരിനെ പിരിച്ചു വിടുകയും അ

07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ

യു.എസ്.എ. & കാനഡ: $ 40

യു.കെ: £ 20

ആയുഷ്കാലം: 2000 രൂപ

ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# മാറുന്ന കാലാവസ്ഥ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ആഗോളതാപനം വലിയ വെല്ലുവിളിയായി മാനവജാതിയുടെ മുമ്പിൽ നിൽക്കുന്നു. അതുമായി ബന്ധപ്പെട്ട ചർച്ചകളും പഠനങ്ങളും ഒരു വശത്ത് തകൃതിയായി നടക്കുന്നു. വ്യാപകമായ വന നശീകരണം, കുന്നുകൾ ഇടിച്ച് നിരത്തുന്നത്, തണ്ണീർ തടങ്ങളുടെ നശീകരണം തുടങ്ങിയ പ്രകൃതി ചൂഷണവും വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ ആധിക്യവും ശീതീകരണ സംവിധാനങ്ങളിലെ വർദ്ധനവുമൊക്കെ ആഗോളതാപനത്തിന് കാരണമായി നിരത്തുന്നു. വ്യാപകമായ പ്രചരണം ഇത് സംബന്ധമായി ലോകരാജ്യങ്ങളും യു.എൻ-ഉം നടത്തുന്നുണ്ടെങ്കിലും അതൊന്നും വിജയത്തിലെത്തുന്നില്ല എന്നുവേണം കരുതാൻ. ഓസോൺ പാളിയിലെ വിള്ളൽ വർദ്ധിച്ചുവരുന്നതല്ലാതെ അതിന് അറുതിവരുത്തുവാൻ ഒരു ശാസ്ത്രത്തിനോ പ്രചരണത്തിനോ കഴിയുന്നില്ല. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിലനിന്നിരുന്ന സ്ഥിരതയുള്ള കാലാവസ്ഥ ഇപ്പോൾ തകിടം മറിഞ്ഞിരിക്കുന്നു. കാലം തെറ്റിയുള്ള മഴയും വേനലും മഞ്ഞുവീഴ്ചയുമൊക്കെ ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നു. തണുപ്പുമാറേണ്ട സമയത്തും അമേരിക്കയിലും പല രാജ്യങ്ങളിലും മഞ്ഞ് വീഴ്ച ഉണ്ടാകുന്നു. കേരളത്തിൽ ആകട്ടെ കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും ശക്തമായ വരൾച്ചയാണ് ഉണ്ടായിരിക്കുന്നത്. ഇത്രയധികം ജലസമൃദ്ധിയും പച്ചപ്പും ഉണ്ടായിരുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിൽ എങ്ങുമില്ലായിരുന്നു. ലോകത്തിലെ തന്നെ മനോഹരമായ സ്ഥലങ്ങളിൽ ഒന്നായി പല ലോകോത്തര മാസികകളും പ്രകീർത്തിച്ച നമ്മുടെ നാടിന്റെ ഇന്നത്തെ അവസ്ഥ എന്താണ്. താമസംവിന മരുഭൂമിയായി മാറുന്ന നിലയിലാണ് വളരെ വേഗത്തിൽ കാലാവസ്ഥ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നത്.

റിയൽ എസ്റ്റേറ്റ് ലോബികളുടെ കടന്നുകയറ്റം കേരളത്തിലെ മനോഹരമായ എത്രയോ കുന്നുകളെയാണ് നശിപ്പിച്ചത്. അവിടെ നിന്നെടുക്കുന്ന മണ്ണുകൊണ്ട് എത്രയോ നീർത്തടങ്ങൾ ഇല്ലാതെയായി. ഒരു ലോറി മണ്ണ് ഇടിച്ചുമാറ്റുമ്പോൾ ഏഴായിരം ലിറ്റർ വെള്ളത്തിന്റെ സംഭരണിയാണ് നശിപ്പിക്കുന്നത്. അത് പ്രകൃതിയൊരുക്കിയ സംവിധാനമാണ്. താല്കാലിക ലാഭത്തിനായി ഭാവിതലമുറയെ ഇരുട്ടിലേക്ക് തള്ളിവിടുന്ന അത്യാഗ്രഹിയായി മനുഷ്യൻ മാറിയപ്പോൾ പ്രകൃതിയുടെ തിരിച്ചടി ആരംഭിച്ചുകഴിഞ്ഞു. ഇടമുറിഞ്ഞ പമ്പാനദിയും വറ്റിവരണ്ട ഭാരതപ്പുഴയും മറ്റ് നദികളും നൽകുന്ന മുന്നറിയിപ്പ് തിരിച്ചറിയുവാൻ കഴിയുന്നില്ലെങ്കിൽ വരുവാനുള്ള ദുരന്തം ഭീകരമായിരിക്കും. മറ്റ് സ്ഥലങ്ങളിൽ കുടിവെള്ളം കുപ്പിയിൽ വിൽക്കുന്നതിനെക്കുറിച്ച് കേട്ട് ഒരു കാലത്ത് അതിശയിച്ചിരുന്ന മലയാളി ഇന്ന് കുപ്പിവെള്ളത്തെ ആശ്രയിക്കേണ്ടിവന്നത് ദയനീയ കാഴ്ചയായി. ചൈനയിലും മറ്റും ഓക്സിജൻ വിലയ്ക്ക് വിൽക്കുന്ന വാർത്തകൾ നമ്മൾ അതിശയത്തോടെയാണ് കേൾക്കുന്നത്. നാളെ കേരളവും ശുദ്ധവായുവിനായി വില നൽകേണ്ടിവരുമെന്നത് വെറും വാക്കല്ല. ശക്തമായ ഒരു മുന്നറിയിപ്പാണ്. ഇത്രയധികം മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്ന മറ്റൊരിടമില്ല. യാതൊരു വിലക്കുമില്ലാതെ തെരുവിലേക്കും പൊതുസ്ഥലത്തേക്കും മാലിന്യം വലിച്ചെറിയുന്ന മലയാളിയുടെ മനോഭാവം ഇനിയെന്ന് മാറും എന്നറിഞ്ഞുകൂടെ. പ്രകൃതി നൽകുന്ന മുന്നറിയിപ്പുകൾ തിരിച്ചറിഞ്ഞ് പോകുവാൻ കഴിഞ്ഞില്ലെങ്കിൽ മലയാളി നടന്നുനീങ്ങുന്നത് വലിയ ആപത്തിലേക്കാണ്. രാജസ്ഥാൻ സംസ്ഥാനത്തിന്റെ സ്ഥിതിയിലേക്ക് മാറേണ്ടി വരും.

മാറിമാറി ഭരിച്ച എല്ലാ സർക്കാരുകളും പ്രകൃതി ചൂഷണത്തിന് വളം വെച്ചുകൊടുക്കുകയാണ് ചെയ്തത്. റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കും മണ്ണ് മാഫിയയ്ക്കും ഒക്കെ ഒത്താശ ചെയ്യുന്ന രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും അവരുടെ കിമ്പളം പറ്റി കീശ വീർപ്പിച്ച ഭരണകർത്താക്കളും ഈ നാടിനോട് ചെയ്തത് പൊറുക്കാനാവാത്ത തെറ്റുതന്നെയാണ്.

മറുവശത്ത് ഇതൊക്കെ പറയുമ്പോഴും ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഇതിനെയെല്ലാം വിശകലനം ചെയ്യാതിരിക്കുവാൻ കഴിയുകയില്ല. സൂര്യനിലും വരുന്ന മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും ഒക്കെ സൂചിപ്പിക്കുന്ന പ്രധാന വസ്തുതയുണ്ട്. അത് നമ്മുടെ കർത്താവിന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ടാണ്. ഈ ഭൂമി തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു. പ്രകൃതിയിലെ മാറ്റങ്ങൾ വിശുദ്ധവേദപുസ്തകം മുന്നമേ പ്രവചിച്ചതാണ്. അതുതന്നെയാണ് ഇന്ന് ലോകത്തിൽ ഇന്ന് സംഭവിക്കുന്നത്. അപ്പോൾ നമ്മുടെ കർത്താവിന്റെ വരവ് സമീപിച്ചു എന്ന് മനസ്സിലാക്കുക. മത്തായി എഴുതിയ സുവിശേഷം 24-ാം അദ്ധ്യായവും ലൂക്കോസ് 21-ാം അദ്ധ്യായവും കർത്താവിന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ട് വിശദീകരിക്കുന്ന അദ്ധ്യായങ്ങളാണല്ലോ. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളും ലക്ഷ്യങ്ങൾ ഉണ്ടാകും. ജനം നിരാശരും പരിഭ്രാന്തരുമാകും. എന്നാൽ തന്റെ ജനത്തിന് ഭയപ്പെടേണ്ടതില്ല. കാരണം അവരെ ചേർക്കുവാൻ മേഘങ്ങളിൽ കർത്താവ് വരും.

**Article**

# Elephant and an ant



Binu Joseph Vadasserikkara

Once coincidently an elephant and an ant met and became friends. As time went by, they fell in love and their hearts joined as one, which was inseparable. All the meetings held by the leader of ants and Lion, the king of the jungle in order to separate them were of no use. None of the counseling, meeting, religious problems or matchlessness could separate them. At last, on an auspicious day, the ant and the elephant got married. The marriage was a grand event though many of them murmured. Some of them laughed when they saw the elephant and the ant living together. But this was not a hindrance for their pleasant life. They had an attitude that united hearts can build heaven.

But the news that spread in the jungle shocked everyone. Last night the newly married bridegroom Elephant died. All those who heard the news were stunned. "Now what's next?" The question arose in everyone's heart. Funeral Ceremony started and many left after condolence. Around 4 o'clock, most of the animals in the jungle left the place and only some friends of the Ant remained. Those who were left planned to cremate the dead body. Many comforted the Ant saying "things have happened as you didn't wish, now please do the needful." Then they also left the place as they were tired. "Only the newly married bride, Ant was left behind. Ant felt shattered and the unburied dead body of the elephant was left like a mountain. The ant sacrificed her life and gave up the rest of her life, in order to bury the elephant.

**Eligibilities of a Partner**

Every man desires that his wife should be an angel. What if she will turn out to be a monster instead of an angel? Who will like to stay with a person who fights for every small reason?

"And the contentions of a wife are a continual dripping....But a prudent wife is from the Lord." A fighting wife can be compared to a dripping house. But a prudent wife will be a blessing to her husband.

Every girl dreams of a matured husband. No one likes to be with a person who is foolish and self-seeking and especially if the man is a drunkard or a fighter.

**1. Ability to love from the heart**

Many problems can be avoided in life if one has true love. Some attributes of love is discussed in I Corinthians 13. Love is

07

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER


BELIEVERS JOURNAL
(FORM IV SEE -RULE 8 )

| | | |
|---|---|---|
| 1. Place of Publication | : | Thiruvalla |
| 2. Periodicity of Publication | : | Fortnightly |
| 3. Printers Name | : | Peter Mathew |
| Whether citizen of India | : | Indian |
| Address | : | valliathu house Kallumkal .P.O., Thiruvalla, Pathanamthitta, Kerala Pin - 689102 |
| 4. Publishers Name | : | Peter Mathew |
| Address | : | Valliathu house Kallumkal .P.O., Thiruvalla, Pathanamthitta, Kerala Pin - 689102 |
| 5. Editior's Name | : | Samkutty Mathew |
| Address | : | Koipurathu House, Makkapuzha .P.O., Ranni, Pathanamthitta, Kerala Pin 689 676 |

Name and Address of Individuals who owns the news paper : **Samkutty Mathew,** Koipurath House, Makkapuzha.P.O., Ranni,PTA - 689 676
**M.V. Philip,** Mekkattu House, Payippad P.O, Alappuzha- 690 556
**Peter Mathew**, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111
I, Peter mathew hereby declare that the particulars given above are true to the best of my knowledge and belief. Sd/

Sd/-
Publisher

എനിക്കും പറയാനുണ്ട്

# തൊള്ളായിരം എലികളെ കൊന്ന് പൂച്ച ഹജ്ജിന് പോയി



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ട് തന്നെയാണ് ഇത്തവണയും പറയാനുദ്ദേശിക്കുന്നത്. അധികാര മത്സരം തന്നെയാണ് പ്രധാനപ്രശ്നം. ഐപിസിയെപ്പോലെ ജനാധിപത്യ സംവിധാനങ്ങൾ ചർച്ച് ഓഫ് ഗോഡിൽ കുറവാണ്. ഓവർസിയർക്കുള്ള അധികാരമാണ് പലരെയും ആ കസേരയിലേക്ക് നോട്ടം ഇടുവാൻ പ്രേരിപ്പിക്കുന്നത്. ശുശ്രൂഷകരുടെ പ്രതിനിധികൾ അടങ്ങിയ പതിനഞ്ചംഗ കൗൺസിൽ ഉണ്ടെങ്കിലും ഒരു ഉപദേശക സമിതി എന്ന നിലയിൽ മാത്രമേ അതിന് പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. മുമ്പ് അസിസ്റ്റന്റ് ഓവർസിയർ എന്ന പദവി ഇല്ലായിരുന്നു. എന്നാൽ പാസ്റ്റർ കെ. സി. ജോണിന്റെ കാലത്ത് പാസ്റ്റർ എം. കുഞ്ഞപ്പിയെക്കൂടി ഉൾക്കൊള്ളുവാൻ സൃഷ്ടിച്ച പദവിയാണിത്. ഭരണഘടനാപരമായി യാതൊരു സാധുതയില്ലാത്ത ഒരു അലങ്കാര പദവിമാത്രം. സഭയുടെ ഭരണഘടന അനുസരിച്ച് വിശ്വാസികളുടെ ബോർഡ് പോലും ഇത്തരം ഒരു പദവി മാത്രം. എന്നാൽ ചർച്ച് ഓഫ് ഗോഡിലെ ഡിപ്പാർട്ടുമെന്റുകളുടെ ചുമതല വലിയ അലങ്കാരമായിട്ടാണ് പലരും കാണുന്നത്. അതുപോലെ അസിസ്റ്റന്റ് ഓവർസിയർ പദവി ഓവർസിയർ ആകാനുള്ള ചവിട്ടുപടിയായും ചിലർ കാണുന്നു. അതുകൊണ്ടു തന്നെ ഈ സ്ഥാനത്ത് എത്തുവാൻ ചിലർ തന്ത്രങ്ങളും കുതന്ത്രങ്ങളും ആവിഷ്കരിച്ച് അണിയറയിലുണ്ട്. (പാസ്റ്റർ പി. ജെ. ജെയിംസും പാസ്റ്റർ സി. സി. തോമസും അസിസ്റ്റന്റ് ഓവർസിയർ ആകാതെതന്നെ ഓവർസിയർ കസേരയിൽ എത്തി എന്നത് രസകരമായ മറ്റൊരു ചരിത്രം.) കുതന്ത്രങ്ങളുടെ ഭാഗമായി ഈ സ്ഥാനത്തെത്തുവാൻ യോഗ്യതയുള്ള വ്യക്തിക്കെതിരെ ഊമക്കത്തുമായി ചിലർ രംഗത്തെത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ ഈ ലേഖകനെതിരെയും പരാമർശങ്ങളുമായി ചിലരെത്തിയിരിക്കുന്നു. കാരണം ബിലീവേഴ്സ് ജേണൽ നിലപാട് ഓവർസിയർ മോഹികളായിരുന്ന ചിലരുടെ സ്വപ്നങ്ങൾ തല്ലിക്കെടുത്തിയിരുന്നു. അതിന്റെ പക വീട്ടുവാൻ ഒരു നേതാവ് തുടരെ യത്നിക്കുകയാണ്. അതിന്റെ ഭാഗമായി കൂലി കൊടുത്ത് ആളിനെ വെച്ച് വാട്സാപ്പിലും മറ്റും വോയ്സ് മെസേജ് ഇടുകയാണ്. നിയമപരമായി ഇതിയിട്ടയാളെ നേരിടുവാൻ കഴിയുന്ന നിലയിൽ ശക്തമായ സൈബർ കുറ്റം ആണിത്. എന്നാൽ എന്നെ മാത്രമല്ല എന്റെ കുടുംബത്തെയും തകർക്കുക എന്ന ലക്ഷ്യം ഈ നേതാവിനുണ്ട്. അതിന്റെ ഭാഗമായി പല തന്ത്രങ്ങളാണ് ഇദ്ദേഹം പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. കായികമായി എന്നെ നശിപ്പിക്കുക എന്ന ലക്ഷ്യവും ഇദ്ദേഹം പ്രയോഗിച്ചിരുന്നു. അണിയറയിൽ തന്ത്രങ്ങൾ മെനഞ്ഞ് ആയുധം മൂർച്ചകൂട്ടിയിട്ട് അരങ്ങത്ത് വെളുക്കെ ചിരിച്ച് ആത്മാവിനെ ഇറക്കുന്ന ഇത്തരം നേതാക്കളെക്കുറിച്ച് പലപ്പോഴും പുച്ഛം മാത്രമാണ് തോന്നാറുള്ളത്. കഴിഞ്ഞദിവസം മുളക്കുഴയിൽ ഒരു സൗഹൃദസദസ്സിൽ എന്റെ സ്നേഹിതനായ ഒരു കൗൺസിൽ അംഗം ഹിന്ദിയിലെ ഒരു ചൊല്ല് പറയുകയുണ്ടായി. തൊള്ളായിരം എലിയെ കൊന്നിട്ട് പൂച്ച ഹജ്ജിന് പോയി എന്ന ആ ചൊല്ല് എന്നെ വളരെ ചിന്തിപ്പിച്ചു. ജീവിതത്തിൽ തെറ്റുകൾ ചെയ്തവർ മാനസാന്തരപ്പെട്ട് സൃഷ്ടിതാവിങ്കലേക്ക് തിരിയുകയാണ് പതിവ്. എന്നാൽ നമ്മുടെ നേതാക്കന്മാർ നേരെ വിപരീതമാണ്. കൂട്ടുപ്രവർത്തകർക്കെതിരെയും വിശ്വാസികൾക്കെതിരെയും എല്ലാം ചെയ്തിട്ട് വേദിയിൽ ഞാൻ ഒന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ വെളുക്കെ ചിരിച്ചും താഴ്മ ധരിച്ചും നിൽക്കുന്ന നമ്മുടെ ചില തന്ത്രശാലികൾ രാഷ്ട്രീയത്തിൽ ഇറങ്ങിയിരുന്നെങ്കിൽ.

എനിക്ക് ചില ന്യായമായ സംശയങ്ങളുണ്ട്. ചില ശുശ്രൂഷകരോടും വേദപണ്ഡിതരോടുമൊക്കെ ഞാനിത് പങ്കിട്ടിട്ടുണ്ട്. എന്നാൽ ആരും തന്നെ ന്യായമായ ഒരു ഉത്തരം ഇതുവരെയും തന്നിട്ടില്ല. എന്റെ സംശയം പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടതാണ്. സകല സത്യത്തിലും വഴി നടത്തുന്നതും പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തുന്ന പരിശുദ്ധാത്മാവ് യേശുക്രിസ്തു പഠിപ്പിച്ച ഉപദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരിൽ വസിക്കുമോ? അന്യായമായി ധനം സമ്പാദിക്കുകയും കൂട്ടുപ്രവർത്തകരെ തകർക്കുവാൻ ശ്രമിക്കുകയും അന്യായം പ്രവർത്തിക്കുകയും ചെയ്യുന്നവരിലൂടെ ആത്മപ്രവർത്തി സാധ്യമോ? ഇങ്ങനെയുള്ളവർ സ്റ്റേജുകളിലും സഭകളിലും ഇറക്കുന്ന ആത്മാവ് ഏതാണ്. ഇതുമായി ബന്ധപ്പെട്ട് അറിവുള്ളവർ സംശയനിവർത്തി വരുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

പെന്തെക്കോസ്ത് എന്നത് അനുഭവമാണെന്നും സംഘടനയല്ലെന്നുമൊക്കെ പറയുമ്പോൾതന്നെ പെന്തെക്കോസ്തിന്റെ പേരിലുള്ള ധാരാളം സംഘടനകൾ (സഭ) ഇവിടെയുണ്ട്. എന്റെ നിരീക്ഷണത്തിൽ ശരിയായ അഥവാ അർത്ഥവത്തായ വേദപുസ്തക പഠനം ഈ പ്രസ്ഥാനങ്ങളിലൊന്നും കാണുവാനില്ല. അടിസ്ഥാന ഉപദേശത്തെക്കുറിച്ചൊക്കെ പറയുമെങ്കിലും പ്രായോഗിക ക്രിസ്തീയ ജീവിതത്തിൽ അവ എങ്ങനെ പ്രയോജനപ്പെടുമെന്ന് കാണിച്ചുകൊടുക്കുവാൻ കഴിയുന്നില്ല. പതിറ്റാണ്ടുകൾക്ക് മുമ്പ് പിതാക്കന്മാർ നൽകിയ വ്യാഖ്യാനങ്ങൾക്കപ്പുറം ഇന്നും മുന്നോട്ട് പോകുവാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിയുന്നില്ല. ഇന്ന് നമ്മുടെ തലമുറകൾ നേരിടുന്ന വെല്ലുവിളികൾ വളരെ വലുതാണ്. വാട്സാപ്പും ടിറ്ററും ഫേസ്ബുക്കുമൊക്കെ ഉള്ള ഈ കാലത്തിൽ യുവജനങ്ങളെ ക്രിസ്തുവുമായി അടുപ്പിക്കുവാൻ ഉതകുന്ന ആഴമായ വചനപഠനമോ ദൈവീക ആരാധനയോ സഭകളിൽ ഇല്ലായെന്നതാണ് സത്യം. ആരാധന എന്നത് വെറും ബഹളമായി മാറിയിരിക്കുന്നു. ആരംഭകാലത്ത് മദ്യപാനം, സിനിമ, നാടകം തുടങ്ങിയവയൊക്കെ വർജ്ജനമായിരുന്നു പെന്തെക്കോസ്തുകാർക്ക്. എന്നാൽ പെന്തെക്കോസ്തുകാർ ഈ മേഖലയിലെല്ലാം വിരാജിക്കുകയാണ്. നാടകഗാനം പാടിയവരെ വിലക്കിയിരുന്നവരുടെ പിൻഗാമികൾ സിനിമ നിർമ്മാതാക്കളായി മാറിയെന്നത് കാലം നൽകിയ തിരിച്ചടി. പാപം എന്താണ്? വേർപാടിന്റെ അതിർ എവിടെയാണ്. ഇതിന് ഒരു നിർവ്വചനം നല്കുവാൻ കഴിയുന്ന അല്ലെങ്കിൽ തിരുത്തൽ ശക്തിയായി നിൽക്കുവാൻ തന്റേടമുള്ള ഒരു നേതാവ് പെന്തെക്കോസ്തിനില്ല. എല്ലാവരും ലോകത്തിലേക്ക് ഇറങ്ങിയിരിക്കുന്നു. ഇറങ്ങാത്തവർ നിസ്സഹായരായി സ്തംഭിച്ചുനിൽക്കുന്നു. അപ്പോൾ ആവശ്യം ശരിയായ ഒരു ആത്മനിയോഗമാണ്. നെഹെമ്യാവിനെ ഉണർത്തിയ നിയോഗം. നമുക്ക് കാത്തിരിക്കാം പണി നടക്കാതിരിക്കില്ല.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

–തുടർച്ച–

തിമൊഥെയൊസ്



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



വിശുദ്ധ തിരുവെഴുത്തിൽ ഏറ്റവും കൂടുതൽ കാലം ജീവിച്ചിരുന്നത് മെഥുശലേഹാണ് ഉല്പ.5:8. തൊള്ളായിരത്തിയറുപത്തൊമ്പത് സംവത്സരം ജീവിച്ചിട്ട് അവൻ മരിച്ചു. എന്നാൽ ജലപ്രളയത്തിനുശേഷം മനുഷ്യരുടെ ആയുസ്സ് കുറഞ്ഞതായി കാണുന്നു. ഉല്പ. 11: 10–25. അബ്രഹാമിനെക്കുറിച്ച് പറയുന്നത്, നൂറ്റെഴുപത്തിയഞ്ചു സംവത്സരം ജീവിച്ചിരുന്നു. നല്ല വാർദ്ധക്യമായിട്ടാണ് മരിച്ചത് ഉല്പ. 25:7–8.

വിശുദ്ധ ബൈബിളിൽ പ്രായമായവരോടു എങ്ങനെ പെരുമാറണം എങ്ങനെ കരുതണം എന്നീ കാര്യങ്ങളെക്കുറിച്ച് സവിസ്തരം പ്രസ്താവിക്കുന്നുണ്ട്.

ഒന്നാമതായി പ്രായമായവരെ ബഹുമാനിക്കണം ലേവ്യ:19:32, പൗലോസ് പറയുന്നത് നോക്കുക; നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു. (എഫെ. 6:2–3). അപ്പോൾ വാഗ്ദത്തത്തോടുകൂടിയ ഒന്നാമത്തെ കല്പനയാണ് ബഹുമാനിക്കുക എന്നുള്ളത് രണ്ടാമതായി, പ്രായമായവരെ അനുസരിക്കണം, എഫെ. 6:1, കൊലൊ:3:20. പഴയനിയമത്തിൽ അമ്മയപ്പന്മാരുടെ വാക്ക് ലംഘിക്കുന്ന മത്സരിയായ മകനെ കല്ലെറിഞ്ഞ് കൊല്ലേണം എന്നാണ് പ്രമാണം, ആവർ:21:18–21. ഭക്തിയോടെ ജീവിക്കുന്ന മാതാപിതാക്കളുടെ വാക്കുകൾക്ക് വെറും പുല്ലുവില കല്പിക്കുന്ന മത്സരികളായ എത്രയോ മക്കൾ ദൈവസഭയിൽ ഉണ്ട്. മക്കളുടെ കടമയാണ് മാതാപിതാക്കളെ അനുസരിക്കുക എന്നുള്ളത്. മൂന്നാമതായി, മക്കൾ മാതാപിതാക്കളുടെ ഏതൊരു ആഗ്രഹത്തെയും നിറവേറ്റി കൊടുക്കണം, അവരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുകയെന്നത് മക്കളുടെ ജോലിയാണ്. 1തിമൊ. 5:4, പൗലോസ് പറയുന്നത് പുത്രപൗത്രന്മാർ ഉണ്ടെങ്കിൽ അവർ മുമ്പെ സ്വന്തകുടുംബത്തിൽ ഭക്തി കാണിച്ചു അമ്മയപ്പന്മാർക്കു പ്രത്യുപകാരം ചെയ്‌വാൻ പഠിക്കട്ടെ, ഇത് ദൈവസന്നിധിയിൽ പ്രസാദകരമാകുന്നു, മാതാപിതാക്കളെ അവരുടെ ശരീരത്തിൽ ബലഹീനതയിലും ഇല്ലായ്മയിലും രോഗത്തിലും ക്ഷീണത്തിലും പരിധിയില്ലാതെ സ്നേഹിക്കേണ്ടതാകുന്നു. സ്നേഹം വെറും വാക്കുകളല്ല, അത് ത്യാഗം നിറഞ്ഞ പ്രവർത്തിയാണ്. മാതാപിതാക്കൾ അത് അർഹിക്കുന്നവരാണ്.

നാലാമതായി, മാതാപിതാക്കളെ അവരെ വേണ്ടും പോലെ സഹായിക്കണം 1 കൊരി: 5:4, പ്രായമാകുമ്പോൾ അവരെ ശുശ്രൂഷിക്കണം, ആശുപത്രിയിൽ കൊണ്ടുപോകുകയും ആവശ്യമുള്ള മരുന്നുകളും ശുശ്രൂഷകളും പരിചരണങ്ങളും നൽകണം. അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഇന്നു നമ്മുടെ ചുറ്റുമുള്ള അനേകഭവനങ്ങളിൽ പ്രായമായവർ തള്ളപ്പെട്ടും ഉപേക്ഷിക്കപ്പെട്ടും കിടക്കയിൽ അമർന്നു കഴിയുന്നു, മക്കൾ എല്ലാം വിദേശത്തും സ്വദേശത്തും നല്ല ജോലിയിലും സാഹചര്യത്തിലുമാണ് പക്ഷെ പിതാവിനെയോ മാതാവിനെയോ ശുശ്രൂഷിക്കുവാനോ ശ്രദ്ധിക്കുവാനോ സമയവുമില്ല, താല്പര്യവുമില്ല, എന്നാൽ ബൈബിൾ പറയുന്നത് കേൾക്കുക, ജ്ഞാനമുള്ള മകൻ അപ്പനെ സന്തോഷിപ്പിക്കുന്നു. ഭോഷനായ മകൻ അമ്മയ്ക്കു വ്യസനഹേതുവാകുന്നു സദൃശ്യ: 10:1.

ആകയാൽ മക്കൾക്കു മാതാപിതാക്കളോടുള്ള ബന്ധത്തിൽ ധാരാളം കടപ്പാടുകളുണ്ട് അത് നിറവേറ്റാൻ എല്ലാ മക്കളും ബാധ്യസ്ഥരാണ്.

വാർദ്ധക്യം ധാരാളം ക്ലേശങ്ങൾ സഹിക്കേണ്ടിവരുന്ന പ്രായമാണ്, ശാരിരികമായിശേഷിയും ആരോഗ്യവും കുറഞ്ഞ് സ്വന്തം കാര്യങ്ങൾ ചെയ്യുവാൻ കഴിയാതെ പരാശ്രയം ആവശ്യമായി വരുന്ന സമയം. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നത്, "ദുർദ്ദിവസങ്ങൾ വരികയും എനിക്കു ഇഷ്ടമില്ല എന്നു നീ പറയുന്നകാലം സമീപിക്കുകയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടു...സഭാ. 12:1–10. ബൈബിളിൽ പറഞ്ഞിരിക്കുന്ന ഭക്തന്മാരിൽ യിസ്ഹാക്ക് വൃദ്ധനായി അവന്റെ കണ്ണിന്റെ കാഴ്ചനഷ്ടമായി, ഉല്പ. 27:1. രാജാവായ ആസയുടെ വാർദ്ധക്യത്തിൽ കാലുകൾക്കു ദീനം പിടിച്ചു, 1 രാജാ. 15:23. ഇങ്ങനെ അനേകരുടെ ജീവിതത്തിൽ വാർദ്ധക്യത്തിൽ പ്രയാസങ്ങളും രോഗങ്ങളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടിവന്നു, ആ സാഹചര്യത്തിൽ അവർക്കു മക്കളുടെ കരുതലും ആശ്വാസവും തലോടലും ആവശ്യമാണ്. വാർദ്ധക്യം ഒരു ശാപമല്ല മറിച്ച് ഒരു അനുഗ്രഹമാണ് അത് ആസ്വാദകരമാക്കുക.

വാർദ്ധക്യത്തിൽ മാതാപിതാക്കളെ പുത്രപൗത്രന്മാർ നോക്കട്ടെ എന്ന ഉപദേശവും താക്കീതും പൗലോസ് നൽകുകയാണ്, അപ്പോൾ അന്നത്തെക്കാലത്തും ഇന്നത്തെപ്പോലെ മാതാപിതാക്കളെ ശ്രദ്ധിക്കാത്ത മക്കൾ ഉണ്ടായിരുന്നുയെന്നർത്ഥം. ഇങ്ങനെ ചെയ്യുമ്പോൾ അത് ദൈവഭക്തിയുടെ ഭാഗമാണ് കൂടാതെ ദൈവസന്നിധിയിൽ പ്രസാദകരമാകുന്നു. പൗലോസ് തിമൊഥെയൊസിനു ലേഖനം എഴുതിയപ്പോൾ വിധവമാരെ സംരക്ഷിക്കുന്നതിനെക്കുറിച്ചും അവരെ കരുതുന്നതിനെക്കുറിച്ചും പ്രത്യേക പരിഗണന നൽകി എഴുതിയിട്ടിട്ടുണ്ട്. വിധവമാർ രണ്ടുതരത്തിലാണ് ഒന്നാമതായി ഭർത്താക്കന്മാർ ഉപേക്ഷിക്കപ്പെടുന്ന സഹോദരിമാർ, പല കാരണങ്ങളാൽ ഉപേക്ഷിക്കപ്പെടുന്നു, സൗന്ദര്യം ഇല്ലാത്തതുകൊണ്ട് സാമ്പത്തികം ഇല്ലാത്തതുകൊണ്ട്, സമനിലതെറ്റിയവർ ഇങ്ങനെ പല കാരണങ്ങൾകൊണ്ട് ഭർത്താവ് ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾ വിധവന്മാരായി കഴിഞ്ഞുകൂടിയിട്ടുണ്ട്. രണ്ടാമതായി ഭർത്താക്കന്മാർ മരിച്ചുപോയവർ അതുപല കാരണങ്ങളാകാം രോഗം വന്നും അപകടം സംഭവിച്ചു. പ്രായംചെന്നും ഭർത്താക്കന്മാർ നഷ്ടപ്പെട്ടവർ വിശ്വാസത്തിൽ വന്നതുകൊണ്ട് ഉപേക്ഷിക്കപ്പെട്ട വിധവന്മാരുമുണ്ട്. എന്നാൽ ഇവിടെ പൗലോസ് മറ്റൊരുകൂര്യംകൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്, അത് ജാതികളുടെ ഇടയിൽ ബഹുഭാര്യാത്വം നിലവിലിരുന്നു, അതായത് പലരും ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചിരുന്നു, പഴയനിയമത്തിലെ പല ഭക്തന്മാർക്കും ഒന്നിലധികം ഭാര്യമാർ ഉണ്ടായിരുന്നു, അപ്പോൾ ചിലർക്കു പല ഭാര്യമാർ ഉണ്ടായിരുന്നു, ഇവർ ക്രിസ്തീയ വിശ്വാസികളായപ്പോൾ ഒരാളെ ഭാര്യയായി സ്വീകരിച്ചിട്ട് മറ്റുള്ളവരെ അവഗണിക്കുകയോ തള്ളിക്കളയുകയോ ചെയ്യുമായിരുന്നു. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ടവർ ഭർത്താവില്ലാതെ വിധവകളായിത്തീരുമായിരുന്നു. വിധവകളെ സംരക്ഷിക്കുന്നത് ഒരു നല്ല കാര്യമായിട്ടാണ് യഹൂദന്മാർ കണ്ടിരുന്നത്. യഹൂദന്മാരുടെ നടപ്പ് അനുസരിച്ച് ഒരാൾ വിവാഹം കഴിക്കുമ്പോൾ തന്നെ ഭാര്യയുടെ ആവശ്യങ്ങൾക്കു വേണ്ടി പണം കരുതിവയ്ക്കുന്ന ശീലം ഉണ്ടായിരുന്നു. ഭർത്താവ് മരിച്ചാൽ അവർ കഷ്ടപ്പെടുവാൻ പാടില്ല. ക്രൈസ്തവ സഭയുടെ ആരംഭകാലത്ത് സഭ ഇതൊരു ശുശ്രൂഷയായി കാണുകയും അത് സഭ ഏറ്റെടുക്കുകയും സഭയുടെ ശുശ്രൂഷയുടെ ഒരു ഭാഗമായി കണ്ടു വിധവമാരെ സംരക്ഷിക്കുകയും ചെയ്യുമായിരുന്നു (അ.പ്രവ. 6:1–3)

(തുടരും..)

## ചോദ്യോത്തരവേദി

# യഹോവയ്ക്കും യേശുക്രിസ്തുവിനും സ്വഭാവ വ്യത്യാസമോ?

*ചോദ്യം:* യഹോവ മേഘത്തിൽ ഇറങ്ങി മോശെയുടെ അടുക്കൽ നിന്ന് സ്വയം വെളിപ്പെടുത്തിയത് ഇപ്രകാരമാണ്: "യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുള്ളവൻ; ആയിരങ്ങൾക്ക് ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെ മേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ..."(പുറപ്പാട് 34:6). എന്നാൽ പഴയനിയമ കാലഘട്ടത്തിലെ ചരിത്രത്തിൽ പല വംശങ്ങളെയും കുഞ്ഞുങ്ങളെയും സ്ത്രീകളെയും പുരുഷന്മാരെയും ഒന്നുപോലും ശേഷിപ്പിക്കാതെ ഉന്മൂലനം ചെയ്യുവാൻ യഹോവ കല്പിക്കുന്നതായി കാണാം. എന്നാൽ യേശുക്രിസ്തു തന്റെ ശുശ്രൂഷാ കാലത്ത് ക്ഷമയും കരുണയും ആണ് പ്രദർശിപ്പിച്ചതും പഠിപ്പിച്ചതും. അപ്പൊസ്തലന്മാരുടെ കാലത്തും ക്ഷമയും കരുണയും ആണ് വെളിപ്പെട്ടിരുന്നത്. യഹോവയുടെ സ്വഭാവവും യേശുക്രിസ്തുവിന്റെ സ്വഭാവവും രണ്ടായി തോന്നുന്നു. വിശദീകരിക്കുക. **– ബിനു മത്തായി, മാവേലിക്കര**



**ജോർജ്ജ് ഫിലിപ്പ്**
**തെക്കേക്കര**

*ഉത്തരം:* മോശെ ഉല്പത്തി പുസ്തകവും മറ്റു പുസ്തകങ്ങളും എഴുതിയത് മുതൽ പഴയനിയമത്തിലെ അവസാന പുസ്തകമായ മലാഖി തന്റെ പ്രവചന പുസ്തകമെഴുതുന്നത് വരെ ഏതാണ് 1100 വർഷത്തെ കാലയളവ് ഉണ്ട്. ആയിരം വർഷത്തെ ചരിത്രങ്ങളാണ് മോശെ മുതൽ മലാഖി വരെ കിടക്കുന്നത്. എന്നാൽ പുതിയനിയമത്തിലെ ചരിത്രം ഏതാണ്ട് 50 വർഷത്തെ കാലയളവിൽ നിൽക്കുന്നു. അതുകൊണ്ട് 50 വർഷത്തെ ചരിത്രത്തിൽ ദുരന്തങ്ങളും സംഘട്ടനങ്ങളും 1000 വർഷത്തെ ചരിത്രത്തേക്കാൾ കുറവായിരിക്കും.

മനുഷ്യന് വേറൊരു സ്വഭാവവിശേഷതയുണ്ട്. നമുക്കു കിട്ടിയ നന്മകളേക്കാളും അനുഗ്രഹങ്ങളേക്കാളും കൂടുതൽ നമ്മൾ ഓർക്കുക നമുക്കുണ്ടായ ദുഃഖങ്ങളും കഷ്ടതകളുമായിരിക്കും. അതിനാൽ പഴയനിയമത്തിലെ വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടായ നന്മകളെക്കാൾ കൂടുതൽ നമ്മൾ ഓർക്കുന്നത് അവർക്കുണ്ടായ ദുരന്തങ്ങളാണ്.

പഴയ നിയമത്തിൽ വെളിപ്പെട്ട യഹോവയുടെയും പുതിയ നിയമത്തിൽ വെളിപ്പെട്ട യേശുക്രിസ്തുവിന്റെയും സ്വഭാവത്തിന് വ്യത്യാസമൊന്നുമില്ല. ആദാമും ഹവ്വയും ദൈവത്തിന്റെ കല്പന ലംഘിച്ചപ്പോൾ, അവരെ ശിക്ഷിക്കുന്നതിന് പകരം ഒരു മൃഗത്തെ കൊന്ന് അതിന്റെ തോലെടുത്ത് അവരുടെ നാണം മറച്ചു. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. അബ്രഹാമിന്റെ വീട്ടിൽ നിന്ന് ഹാഗാറിനെ ഓടിച്ചു വിട്ടപ്പോൾ ദൈവം ഹാഗാറിനെയും മകനെയും മരുഭൂമിയിൽ സംരക്ഷിച്ചു. യെഹൂദാ ജനത്തെ മരുഭൂമിയിൽ ദൈവം സംരക്ഷിക്കുന്നത് നമുക്ക് വായിക്കാം. ഭർത്താക്കന്മാർ മരിച്ചുപോയ നവോമിയെയും രൂത്തിനെയും ദൈവം കരുതി. നയമാന് കുഷ്ഠം പിടിപെട്ടപ്പോൾ, ക്ഷാമകാലത്ത് ഏലിയാവിനെ, സിംഹകൂട്ടിലിട്ട ദാനിയേലിനെ, എസ്തേറിനെ രാജകൊട്ടാരത്തിൽ, യോനായെ മത്സ്യത്തിന്റെ വയറ്റിൽ, ഇവരെല്ലാം ദൈവത്തിന്റെ കരുണ നേരിട്ടനുഭവിച്ചവരാണ്. ദൈവീക ന്യായവിധി പഴയനിയമകാലത്ത് കൂടുതൽ നടന്നിരുന്നുവെങ്കിലും ദൈവീക പരിപാലനവും അതുപോലെ ഉണ്ടായിരുന്നു.

ദൈവം മനുഷ്യാവതാരമെടുത്തപ്പോൾ, ആ ശരീരത്തെ തൊട്ടവരെല്ലാം സൗഖ്യമായി. പത്രോസിനെ കാരാഗ്രഹത്തിൽ നിന്ന് രക്ഷിച്ചപ്പോൾ പൗലോസിനെ കപ്പലപകടത്തിൽ നിന്ന് രക്ഷിച്ചു. നയീനിലെ വിധവയുടെ മകന്റെ ജീവൻ തിരിച്ചു കൊടുത്തു; യായിറോസിന് തന്റെ മകളെയും. അനേകം പേർക്ക് നിത്യജീവന്റെ വാഗ്ദാനം കൊടുത്തു. അതേസമയം ജറുസലേമിന് ന്യായവിധിയുണ്ടാകുമെന്ന് കർത്താവ് പ്രവചിച്ചു. പരിശീന്മാരെയും ശാസ്ത്രിമാരെയും ദൈവീകനിയമങ്ങൾ തെറ്റായി വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നതിന് ശാസിച്ചു ദൈവാലയത്തിൽ നാണയ വില്പനക്കാരെ ഓടിച്ചു. ഹെരോദാരാജാവ് കർത്താവിന് മഹത്വം കൊടുക്കാതിരുന്നപ്പോൾ കർത്താവിന്റെ ദൂതന്റെ അടിയേറ്റ് രാജാവ് മരിച്ചു. അനന്യാസും സഫീറയും കള്ളം പറഞ്ഞപ്പോൾ മരിച്ചുവീണു. യേശുവിന്റെ സാക്ഷികളായി ലോകത്തെല്ലാം സുവിശേഷമറിയിക്കാതിരുന്ന യെരുശലേമിലെ ആദിമ സഭയ്ക്ക് മരണകരമായ പീഡനമുണ്ടായി. പഴയനിയമവും പുതിയ നിയമവും ദൈവം മാറ്റമില്ലാത്തവനാണെന്ന് പ്രഖ്യാപിക്കുന്നു. സങ്കീർത്തനം 102:27 ഇപ്രകാരം രേഖപ്പെടുത്തുന്നു. 'ദൈവമോ മാറ്റമില്ലാത്തവനാകുന്നു; ദൈവത്തിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല'. യാക്കോബിന്റെ ലേഖനം ഇപ്രകാരം വെളിപ്പെടുത്തുന്നു: "എല്ലാ നല്ല ദാനങ്ങളും..ഉയരത്തിൽ നിന്ന്, വെളിച്ചങ്ങളുടെ പിതാവിൽ നിന്ന് ഇറങ്ങിവരുന്നു. **അവനിൽ മാറ്റമോ മാറ്റത്തിന്റെ നിഴലോ ഇല്ല." (യാക്കോബ് 1:17).** പ്രപഞ്ചത്തെ സൃഷ്ടിച്ചവൻ ഭൂമിയിൽ മനുഷ്യനായി അവതരിച്ചു. അതേ, 'എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു; ഞാനും പിതാവും ഒന്നാകുന്നു' എന്ന യേശു പ്രഖ്യാപിച്ചു. പിതാവിന്റെയും പുത്രന്റെയും സ്വഭാവത്തിന് മാറ്റങ്ങളൊന്നുമില്ല. അതെ, "യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും, മഹാദയയും വിശ്വസ്തതയുമുള്ളവൻ. ആയിരങ്ങൾക്ക് ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെയും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ" (പുറപ്പാട് 34:6).

**എന്തുകൊണ്ട് ദൈവം ചില വംശങ്ങളെ ഉന്മൂലനാശം ചെയ്തു?**

അബ്രഹാമിനോട് ദൈവം അരുളിച്ചെയ്തു; നിന്റെ സന്തതികൾ 400 വർഷം പരദേശികളും അടിമകളുമായി പീഡിപ്പിക്കപ്പെടുമെന്ന് നീ നിശ്ചയമായും അറിഞ്ഞുകൊൾക. നാലാം തലമുറയിൽ നിന്റെ സന്തതി ഇവിടെ തിരിച്ചെത്തും; **അമോര്യരുടെ അതിക്രമം ഇനിയും പൂർണ്ണമായിട്ടില്ല, (ഉല്പത്തി 15:16).**

400 വർഷം കൊണ്ട് അമോര്യരും, ഹിത്യരും, കനാന്യരും, പെരിസ്യരും, ജെബുസ്യരും തങ്ങളുടെ പാപത്തിൽ മുതിർന്നുവന്നു. തങ്ങളുടെ കുഞ്ഞുങ്ങളെ 'മോലെക് ദേവന്' അഗ്നിയിൽ ബലിയർപ്പിച്ചുകൊണ്ടിരുന്നു. ദേവപ്രീതിയ്ക്കുവേണ്ടി കുഞ്ഞുങ്ങളെ വ്യഭിചാര ആഭിചാരകർമ്മങ്ങൾക്കിടയാക്കി. 400 വർഷം ദൈവം ദീർഘക്ഷമയോടെ ഇവരുടെ മനം മാറ്റത്തിനുവേണ്ടി കാത്തിരുന്നു. അന്നത്തെ വിശ്വാസസമൂഹമായിരുന്ന അബ്രഹാമിന്റെ സന്തതികൾ ഇവരുടെ ആചാരാനുഷ്ഠാനങ്ങൾ പകർത്താനുള്ള സാധ്യത കണ്ടപ്പോൾ **ന്യായവിധി വന്നു.** ന്യായവിധിയിൽ കുഞ്ഞുങ്ങളും കൊല്ലപ്പെട്ടതുകൊണ്ട് മരണാനന്തര ജീവിതത്തിലെ ന്യാവിധിയിൽ കുഞ്ഞുങ്ങൾക്ക് കുഴപ്പമൊന്നുണ്ടാവില്ല. 80 ശതമാനം കത്തോലിക്കരും 16 ശതമാനം പ്രെട്ടസ്റ്റന്റ് വിഭാഗങ്ങളുമുള്ള ക്രിസ്തീയ രാജ്യമായ ഹെയ്ത്തി ദ്വീപിലുണ്ടായ ഭൂമികുലുക്കത്തിൽ 3 ലക്ഷം ജനങ്ങൾ മരിച്ചുവീണു. ക്രിസ്തീയ പേരുണ്ടായിരുന്നെങ്കിലും ഭൂരിപക്ഷം വിശ്വാസികൾക്കും മന്ത്രവാദത്തിലും ആഭിചാരത്തിലുമായിരുന്നു താല്പര്യം. **പുതിയ നിയമത്തിലെ കർത്താവും പ്രതികാരം ചെയ്യുന്നവനാണ്.** പൗലോസ് അപ്പൊസ്തലൻ വിശ്വാസികൾക്കായി ഇപ്രകാരം എഴുതി: **"...ഞങ്ങൾ മുമ്പേ പറഞ്ഞതുപോലെ ഇങ്ങനെയുള്ള കാര്യങ്ങൾക്കെല്ലാം പ്രതികാരം ചെയ്യുന്നതു കർത്താവ് ആകുന്നു" (1 തെസ്സ 4:6).**

അല്പസ്വല്പം വക്രതയോടുകൂടി ദൈവരാജ്യത്തെ സമീപിക്കുന്നവർ ദൈവത്തിന്റെ മറ്റൊരു സ്വഭാവസവിശേഷതകൂടി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. "ദയാലുവോട് കർത്താവ് ദയാലു ആകുന്നു; നിഷ്കളങ്കനോടു കർത്താവു നിഷ്കളങ്കനാകുന്നു; നിർമ്മലനോട് കർത്താവ് നിർമ്മലനാകുന്നു; **വക്രനോട് കർത്താവ് വക്രത കാണിക്കുന്നു"** (സങ്കീർത്തനം 18:25,26)

"ആകയാൽ....നമുക്ക് നന്ദിയുള്ളവരായി ദൈവത്തെ പ്രസാദിപ്പിക്കുവാൻ തക്കവണ്ണം ഭക്തിയോടും ഭയത്തോടും കൂടെ ശുശ്രൂഷ ചെയ്യാം. **നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ"** (എബ്രായർ 12:28,29)

പല ക്രിസ്തീയ നേതാക്കളുടെയും കുടുംബത്തിൽ സമാധാനം അനുഭവിക്കാതിരിക്കുന്നതിനും മക്കൾ നേരായ വഴിയിൽ നടക്കാതിരിക്കുന്നതിനും കാരണം **നേതാക്കളുടെ വക്രബുദ്ധികൊണ്ടുള്ള ദൈവാനുഗ്രഹക്കുറവാണ്.** സ്വന്തം മാതാപിതാക്കളുടെ വക്രതയും അഭിനയവും നേരിൽ കാണുന്ന മക്കൾക്കെങ്ങനെ കർത്താവിനെ കണ്ടെത്താൻ പറ്റും.

## ലേഖനം

# ആത്മീയ നേതൃത്വം അർത്ഥപൂർണ്ണമാകുമ്പോൾ



**സാം ടി. മൈക്കിൾ,**
**ഇളമ്പൽ**

'നേതൃത്വം' എന്ന പദം ആത്മീയ ലോകത്തോടും, മതേതര സമൂഹത്തിലും പ്രത്യേകിച്ച് രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലും ഏറെ ചർച്ച ചെയ്യപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ്. പൊതു തെരഞ്ഞെടുപ്പുകളുടെ ഫലം വരുമ്പോൾ, രാഷ്ട്രീയ നേതൃത്വം ചോദ്യം ചെയ്യപ്പെടാറുണ്ട്. പ്രത്യേകിച്ച്, പരാജയപ്പെടുന്ന പാർട്ടിയുടെയോ, മുന്നണിയുടെയോ ഒക്കെ നേതൃതലങ്ങളിലെ അപാകതകളാകും ചൂണ്ടികാണിക്കപ്പെടുക. വിജയം വരിക്കുന്ന പക്ഷത്തിന്റെ നേതൃത്വം പ്രശംസ ഏറ്റുവാങ്ങുകയും ചെയ്യും. ചുരുക്കത്തിൽ ഏതൊരു സമൂഹത്തിന്റെയും സുഗമവും, പുരോഗമനാത്മകവുമായ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമവും, മൂല്യാധിഷ്ഠിതവുമായ നേതൃത്വം അനിവാര്യമാണെന്ന് പറയാതെ വയ്യ.

**നേതൃത്വം എന്ന ആശയം**

മനുഷ്യന്റെ കൂട്ടായ പ്രവർത്തനങ്ങൾക്ക്, അഥവാ ഒരേ ലക്ഷ്യത്തിനായുള്ള മുന്നേറ്റത്തിന്, മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കാൻ ഒരു 'നേതൃത്വം' അനിവാര്യമാണ്. ലക്ഷ്യബോധവും അർപ്പണ ചിന്താഗതിയും നിസ്വാർത്ഥതയുമൊക്കെ കൈമുതലായുള്ള 'നേതൃത്വം' ഏതു സമൂഹത്തിനും ഭൂഷണമാണ്. കഴിവുകെട്ട നേതൃത്വം പൊതുസമൂഹത്തിൽ അവമതിപ്പ് ക്ഷണിച്ചു വരുത്തുകതന്നെ ചെയ്യും. രാജ്യഭരണ രംഗത്തും ജോലി മേഖലകളിലും ചിട്ടയായ നേതൃത്വം കൂടുതൽ നേട്ടങ്ങൾക്കും കാരണമാകും

നേതൃത്വത്തെ കുറിക്കുന്ന ഒരു ഉദ്ധരണി ഇവിടെ കുറിക്കുന്നു –"An Army of sheep led by a lion is better than an army of lions led by a sheep" അതായത് ഒരു സിംഹം മുന്നിൽ നിന്നു നയിക്കുന്ന ആടുകളുടെ ഒരു സൈന്യം. ആട് നേതൃത്വം നൽകുന്ന സിംഹങ്ങളുടെ സൈന്യത്തെക്കാൾ മെച്ചമായിരിക്കുമെന്നർത്ഥം. കൂട്ടത്തിലുള്ളവർ എത്രതന്നെ കരുത്തുള്ളവരാണെങ്കിലും മുന്നിൽ നിന്നു നയിക്കുന്നവർ ദുർബലരാണെങ്കിൽ പ്രയത്നങ്ങൾ ഫലം കാണിലെന്നുറപ്പാണ്. ചുരുക്കത്തിൽ ഏതൊരു കൂട്ടായപ്രവർത്തനത്തിനും മുന്നിൽ നിന്ന് നയിക്കാൻ ഇച്ഛാശക്തിയും, കാര്യഗൗരവവും, ചങ്കുറപ്പുമുള്ള നേതൃത്വം അനിവാര്യമാണെന്നു സാരം.

ജനാധിപത്യ ഭരണ സംവിധാനത്തിൽ മുകളിൽ നിന്ന് താഴേത്തട്ടിലേക്ക് നേതൃത്വത്തിന്റെയും അധികാരത്തിന്റെയും ക്രമീകൃതമായ വികേന്ദ്രീകരണം കാണാം. ഇത്തരം ക്രമീകരണങ്ങൾ രാജ്യഭരണ സംവിധാനങ്ങളെ ഏറെ ഫലപ്രദവും സുഗമവുമാക്കുമെന്നതിന് രണ്ട് പക്ഷമില്ല. ഫെഡറൽ ഭരണ സംവിധാനമുള്ള നമ്മുടെ രാജ്യത്ത് കേന്ദ്രവും, സംസ്ഥാനവും, സംസ്ഥാനങ്ങളിലെ ത്രിതല പഞ്ചായത്ത് ഭരണ സംവിധാനങ്ങളുമൊക്കെ മേൽപ്പറഞ്ഞ നിലയിൽ ദേശീയവും പ്രാദേശികവുമായ ഭരണവിഷയങ്ങൾ കൈകാര്യം ചെയ്യാനുതകുന്ന നേതൃത്വ സംവിധാനങ്ങളാണ്. ചുരുക്കി പറഞ്ഞാൽ നേതൃത്വനിരയിൽ അല്ലെങ്കിൽ ഭരണ ചക്രത്തിന് ചുക്കാൻ പിടിക്കുന്നവരിൽ നേതൃഗുണങ്ങൾ അത്യന്താപേക്ഷിതമാണെന്ന് സമ്മതിക്കാതെ തരമില്ല.

**വേദപുസ്തക ചരിത്രം**

വേദപുസ്തക ചരിത്രം പരിശോധിച്ചാലും ദൈവീക പദ്ധതികൾ നിറവേകാനായി ജനത്തിന് നായകന്മാരെ നിയോഗിച്ചതായി കാണാം. ലക്ഷക്കണക്കിനു വരുന്ന യിസ്രായേൽ ജനത്തെ നയിക്കാനായി മോശെയെ ദൈവം തെരഞ്ഞെടുത്തത് അനേക ആത്മീയ സത്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. മോശെ, അഹരോൻ, യോശുവ തുടങ്ങി ജനത്തിന് മുമ്പിൽ നിന്ന് പ്രവർത്തിച്ച ഇവരൊക്കെത്തന്നെ ദൈവീക പദ്ധതികളുടെ പൂർത്തീകരണത്തിനായി ത്യാഗപൂർണ്ണമായ ജീവിതം നയിച്ചവരായിരുന്നു. പിൽക്കാലത്ത് തന്റെ ജനത്തെ നടത്തുന്നവാനായി ദൈവം ന്യായാധിപന്മാരെയും അതിനു ശേഷം രാജാക്കന്മാരെയും ഒക്കെ തെരഞ്ഞെടുത്തതിൽ സർവ്വശക്തന്റെ അതുല്യമായ പദ്ധതികളും, നിയോഗവും ഉണ്ടായിരുന്നു.

പുതിയ നിയമ സഭയിലും അദ്ധ്യക്ഷസ്ഥാനത്തിനും നേതൃത്വത്തിനുമൊക്കെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. അദ്ധ്യക്ഷ സ്ഥാനം കാംക്ഷിക്കുന്നവർ ഉയർത്തിപ്പിടിക്കേണ്ട ആത്മീയവും, ധാർമ്മികവും, കുടുംബപരവുമായ മൂല്യങ്ങൾ പൗലോസ് ചൂണ്ടിക്കാട്ടിയത് ഏതു കാലത്തും ഏറെ പ്രസക്തമാണ്.

**ആത്മീയ നേതൃത്വം വേറിട്ടതാകുന്നത്**

ലോകത്തിലെ രാഷ്ട്രീയ, സാമൂഹ്യ-സാംസ്കാരിക നേതൃത്വവുമായി സാരമായ വ്യത്യാസങ്ങളുണ്ട്. ലോകപരമായ നേതൃത്വങ്ങളിൽ ഒരു വ്യക്തിയുടെ കഴിവും, പ്രവർത്തന ശൈലിയുമൊക്കെ നേതൃത്വരംഗത്തേക്ക് വരാൻ കാരണമാകുമ്പോൾ, ആത്മീയ നേതാവാകാൻ കഴിവുകളല്ല പ്രധാനം. മോശെയുടെ ഏതു കഴിവ് നോക്കിയാണ് ദൈവം അവനെ ജനത്തിന് നായകനാക്കിയത്?. ദൈവീക ശുശ്രൂഷയ്ക്കുള്ള മനോഭാവവും, സമർപ്പണവുമാണ് ആത്മീയ നേതൃത്വത്തിന് അഭികാമ്യം. ദീർഘവീക്ഷണം, വിശാലമായ കാഴ്ചപ്പാട്, ജനത്തെ ഒന്നിച്ചു കൊണ്ടുപോകാനുള്ള കഴിവ്, പ്രതിസന്ധികളെ നേരിടാനും പരിഗണിക്കാനുമുള്ള കഴിവ്, മറ്റുള്ളവരെ സ്വാധീനിക്കാനും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാനും ഉത്സാഹിപ്പിക്കാനുമുള്ള കഴിവ് തുടങ്ങിയവ ഒരു സാധാരണ നേതൃത്വത്തിനു മതിയാകും.

ആത്മീയ നേതൃത്വം വേറിട്ടു നിൽക്കുന്നത് മേൽപ്പറഞ്ഞ ഗുണങ്ങൾ കൂടാതെ, ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങൾ നിമിത്തമാണ്. ദൈവരാജ്യത്തിനു കെട്ടുപണിക്ക് വേണ്ടി പോരാടുന്ന ഒരു സമൂഹത്തിന്റെ മുൻനിര പോരാളിയായിരിക്കണം ആത്മീയ നേതൃരംഗത്ത് നിന്നു പ്രവർത്തിക്കുന്നവരോരോരുത്തരും. ലോകം കണ്ട ഏറ്റവും വലിയ നേതാവ് യേശുക്രിസ്തു തന്നെയാണ്. ലക്ഷക്കണക്കിനല്ല കോടിക്കണക്കിനാളുകളെ സ്വാധീനിച്ച ഇന്നും സ്വാധീനിച്ചു കൊണ്ടിരിക്കുന്ന നേതാവാണ് യേശു. തന്റെ ശിഷ്യന്മാ

07

ലേഖനം

# സാമ്പത്തിക പരിവർത്തനം സാദ്ധ്യമോ? വരുന്നു ഇ പ്രോപ്പർട്ടി പാസ്സ് ബുക്ക്



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ, 9447313709,

ഇന്ത്യൻ സാമ്പത്തിക രംഗത്ത് അടുത്ത കാലത്ത് ഏറ്റവും വലിയ പരീക്ഷണം ആയിരുന്നു നോട്ട് നിരോധനം. നോട്ട് നിരോധനത്തെ അനുകൂലിച്ചും പ്രതീകൂലിച്ചും അനേകം ആളുകൾ രംഗത്ത് വന്നു. ഒരു വശത്ത് നോട്ട് നിരോധനത്തിനെതിരെ പ്രതിഷേധം ശക്തമാകുമ്പോഴും ഭരണ പക്ഷം നോട്ട് അസാധുവാക്കൽ നടപടിയെ വീണ്ടും ന്യായീകരിക്കുകയാണ് അഴിമതിയിൽ നിന്നും കള്ളപ്പണത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാനാണ് നോട്ട് അസാധുവാക്കിയതെന്ന് പ്രധാനമന്ത്രി ആവർത്തിച്ച് പറയുന്നു. ഇന്ത്യ ഇപ്പോൾ സാമ്പത്തിക പരിവർത്തനത്തിന്റെ ഘട്ടത്തിലാണ്, കറൻസി രഹിത ഡിജിറ്റൽ കാഷ്‌ലെസ് ഇക്കണോമിയിലേക്കാണ് രാജ്യം ഇപ്പോൾ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. അത് അഴിമതിയും കള്ളപ്പണവും തടയുന്നതിന് സഹായകരമാകുമോ എന്ന് കണ്ടറിയണം. രാജ്യത്തിന്റെ സാമ്പത്തീക വ്യവസ്ഥിതിയെ തകർക്കുന്ന അഴിമതിയും കള്ളപ്പണവും ഇല്ലാതാക്കുക എന്നത് ഏതൊരു ഭരണകൂടത്തിന്റെയും ഏറ്റവും വലിയ അജണ്ടയായിരിക്കണം. എന്നാൽ ഇവിടെയാണ് പ്രശ്നം കള്ളപ്പണം രാജ്യത്ത് സൂക്ഷിക്കുന്നത് പണമായിട്ടല്ല മറിച്ച് സ്വർണത്തിലും ഭൂമിയിലും നിക്ഷേപിക്കുകയാണ് ജനങ്ങൾ ചെയ്യുന്നത് എന്ന് തിരിച്ചറിയപ്പെടുന്നു. കള്ളപ്പണം ഉള്ളവർക്ക് ഏറ്റവും സുരക്ഷിതമായ നിക്ഷേപ മാർഗ്ഗം ബിനാമി പേരുകളിൽ ഭൂമി വാങ്ങുക എന്നതാണ്. തങ്ങൾക്ക് ലഭിക്കുന്ന കൈക്കൂലിയും കോഴപ്പണവും ഒളിപ്പിക്കാൻ വ്യക്തികൾ നടത്തുന്ന ഇത്തരം നിക്ഷേപങ്ങളെ കണ്ടെത്തുന്നതിന് പലപ്പോഴും ഗവൺമെന്റുകൾക്ക് കഴിയുന്നില്ല എന്നതാണ് സത്യം. കാലകാലങ്ങളിലായി മാറി വരുന്ന എല്ലാ ഗവൺമെന്റുകളും ഈ പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യാം എന്ന ആലോചനയിലായിരുന്നു. ഇപ്പോൾ അതിന് പരിഹാരം എന്ന നിലയിലാണ് പുതിയ മാർഗ്ഗം രംഗത്ത് വരുവാൻ പോകുന്നത്. പ്രധാനമന്ത്രിയുടെ പ്രഖ്യാപനം അനുസരിച്ചാണ് എങ്കിൽ കറൻസി നിരോധനം അഴിമതിയും കള്ളപ്പണവും തടയുന്നതിനുള്ള പ്രാരംഭ നടപടി മാത്രമാണെന്നാണ്. അടുത്തത് ഒരോ വ്യക്തികൾക്കും അവരുടെ വസ്തുവിന് ഇ പ്രോപ്പർട്ടി പാസ്സ് ബുക്ക് നല്കുക എന്നതാണ് ലക്ഷ്യം, വസ്തുവിന്റെ ഉടമകൾ നേരിട്ട് ഉടമസ്ഥാവകാശ രേഖകളുമായി ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളിൽ എത്തണം. അവിടെ ബന്ധപ്പെട്ട സ്പെഷ്യൽ ഓഫീസർ നിങ്ങളുടെ രേഖകൾ ഇപ്രൊപ്പർട്ടി പാസ്ബുക്കുമായി ബന്ധപ്പെടുത്തും. ഇത് ലക്ഷ്യം വെയ്ക്കുന്നത് ഇൻഡ്യയിലെ ഭൂമിയിന്മേൽ നിക്ഷേപം നടത്തിയ ബിനാമി നിക്ഷേപകരെ ഉദ്ദേശിച്ചാണ് എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഇ പ്രോപ്പർട്ടി പാസ്സ് ബുക്ക് ജനങ്ങൾക്ക് നല്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ രാജ്യത്ത് ആദ്യമായി നടപ്പിലാക്കുവാൻ പോകുന്നത് ജിഎസ്ടി ആണ്. അതിനെ തുടർന്ന് ഇതിന്റെ പ്രഥമ നടപടി എന്ന നിലയിൽ രാജ്യത്തെ എല്ലാ ആധാരങ്ങളും ഒരു വർഷത്തേക്ക് റദ്ദാക്കുകയും തുടർന്ന് റീ രജിസ്ട്രേഷൻ വഴി രാജ്യത്തെ ഒരോ പൗരനും ഇ പ്രോപ്പർട്ടി പാസ്സ് ബുക്ക് നല്കുക യും ചെയ്യും. ഇപ്പോൾ നാം കൈവശം വച്ച് കരം കൊടുത്ത് അനുഭവിക്കുന്ന ഭൂമിയുടെ ആധാരം റദ്ദാക്കപ്പെട്ടു കഴിഞ്ഞാൽ റദ്ദാക്കപ്പെട്ട എല്ലാ വസ്തുവിന്റെ ആധാരവും ഇൻഡ്യാ ഗവൺമെന്റിന്റെ ഈ പ്രോപ്പർട്ടി പാസ്സ് ബുക്കിൽ രജിസ്റ്റർ ചെയ്യണം. വസ്തുവിന്റെ ഉടമകൾ തിരിച്ചറിയൽ കാർഡും, വസ്തു സംബന്ധമായിട്ടുള്ള അനുബന്ധ രേഖകളുമായി ഏറ്റവും അടുത്തുള്ള സബ് രജിസ്ട്രാർ ഓഫിസിൽ എത്തുകയും, അവിടുത്തെ കേന്ദ്ര ഗവൺമെന്റിനാൽ നീയമിതനായ സ്പെഷ്യൽ ഓഫീസറെ സമീപിക്കണം, അദ്ദേഹം നമ്മുടെ ആധാരങ്ങളെ ഇ പ്രോപ്പർട്ടി പാസ്സ് ബുക്കുമായി ബന്ധപ്പെടുത്തും. മാത്രമല്ല ഇങ്ങനെ ലഭിക്കുന്ന ഇ പ്രോപ്പർട്ടി പാസ്സ് ബുക്കിനെ വസ്തു ഉടമയുടെ ആധാർ കാർഡും, പാൻ കാർഡുമായി ബന്ധപ്പെടുത്തുകയും ചെയ്യും. ഈ നടപടി ക്രമം പൂർത്തിയാകുന്നതു വരെ എല്ലാ വസ്തുക്കളും ഗവൺമെന്റിന്റേതായി മാറും. അതു നിമിത്തം വസ്തു കൈമാറുന്നതിനോ, ക്രയവിക്രയത്തിനോ സാദ്ധ്യമാകാതെ വരും. എന്നാൽ ഇങ്ങനെ സംജാതമാകുന്ന അടിയന്തര ഘട്ടത്തിൽ വസ്തുവിന്റെ രജിസ്ട്രേഷനും ക്രയവിക്രയങ്ങൾക്കും ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കുവാൻ പ്രത്യേക സംവിധാനവും ഉണ്ടാകും. അടിയന്തിര ആവശ്യങ്ങൾക്കായി വസ്തു വിൽക്കുകയും വാങ്ങുകയും ചെയ്യേണ്ടവർക്ക് ഉടമസ്ഥാവകാശം ബോധ്യപ്പെടുത്തി ഇത്തരത്തിൽ വിൽപനയും വാങ്ങലും നടത്താനാകും. കാരണം ഭൂമി വീണ്ടും രജിസ്റ്റർ ചെയ്ത് ഇ പ്രോപ്പർട്ടി പാസ്സ് ബുക്ക് ലഭിച്ചാലെ വസ്തു വ്യക്തികൾക്ക് സ്വന്തമാകു. ബിനാമി പേരിൽ ഭൂമി വാങ്ങിക്കൂട്ടിയവരുടെ സ്ഥലം ഇത്തരത്തിൽ റീ രജിസ്റ്റർ ചെയ്യാൻ കഴിയാതാകുന്നതോടെ നഷ്ടപ്പെടുമെന്നാണ് സൂചന. അതായത്, സ്വന്തം പേരിൽ രേഖകളോടെ പതിച്ചു വാങ്ങിയ ഭൂമി നിങ്ങളുടെ സ്വന്തം. അല്ലാത്തതെല്ലാം സർക്കാരിലേക്ക് കണ്ടുകെട്ടും എന്നാണു റിപ്പോർട്ട്. കറൻസി നിരോധനം പ്രഖ്യാപിക്കുമ്പോൾ വ്യക്തികൾ ബാങ്കുകളിൽ സമർപ്പിക്കാത്ത പണം ഗവൺമെന്റിന്റെ സ്വന്തം ആകും എന്നായിരുന്നു. അതു പോലെ ഈ പ്രോപ്പർട്ടി പാസ്സ് ബുക്കിൽ രജിസ്റ്റർ ചെയ്യാത്ത എല്ലാ വസ്തുവും ഗവൺമെന്റിന്റേതാകും. ഇ പ്രോപ്പർട്ടി പാസ്സ് ബുക്കിൽ വസ്തു രജിസ്റ്റർ ചെയ്യുന്നത് അത്ര എളുപ്പമല്ല. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ബിനാമി പേരിൽ വസ്തുക്കൾ വാങ്ങിക്കൂട്ടിയവർക്ക് വസ്തു സംബന്ധമായ രേഖകൾ ഹാജരാക്കാൻ പ്രയാസമുണ്ടാകും. മാത്രമല്ല രജിസ്ട്രേഷൻ കഴിഞ്ഞാൽ ആധാരം എല്ലാം ഡിജിറ്റലായി മാറും. അങ്ങനെ വരുമ്പോൾ പെട്ടെന്ന് വസ്തു വാങ്ങുന്നതിനോ വില്ക്കുന്നതിനോ കഴിയാതെ വരും. അങ്ങനെ ഒരു പരിധി വരെ കള്ളപ്പണവും അഴിമതിയും നീയന്ത്രീക്കുവാൻ കഴിയും. മാത്രമല്ല എല്ലാ ഇടപാടുകളും നടക്കുന്നത് ഗവൺമെന്റിന്റെ നേരിട്ടുള്ള നീയന്ത്രണത്തിലായിരിക്കും. ഫലമോ ഒരോ മനുഷ്യനും അവന്റെ സ്ഥാവരജംഗമ വസ്തുക്കൾ എല്ലാം തന്നെ ഗവൺമെന്റിന്റെ നീയന്ത്രണത്തിലായിരിക്കും. ഒന്നും സ്വയം ചെയ്യുവാൻ കഴിയാതെ എല്ലാം അടിയറവു വെയ്ക്കുന്ന അവസ്ഥ. വില്ക്കലും വാങ്ങലും എല്ലാം ആധാർ കാർഡ് നമ്പരിൽ അധിഷ്ഠിതം. ഇതാണ് വേദപുസ്തകം പറയുന്നത് വെളിപ്പാട് 13: 17 മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. അതുകൊണ്ട് വളരെ സമർത്ഥമായി ജനങ്ങളെ മുദ്ര ഏല്ക്കേണ്ടുന്ന അനുഭവത്തിലേക്ക് എത്തിച്ചേരുന്നു അങ്ങനെ കർത്താവിന്റെ വരവിനെ സംബന്ധമായി വേദപുസ്തക പ്രവചനങ്ങൾ ഒന്നൊന്നായി നിറവേറുന്നു.




## കല്ലുകടി

# വേദിയിൽ ഐക്യം അണിയറയിൽ തുരങ്കം

പെന്തെക്കോസ്ത് സഭകളുടെ ഐക്യത്തിനുവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമാണ് പിസിഐ എന്നറിയപ്പെടുന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ. സഭാവ്യത്യാസമില്ലാതെ വിവിധ പ്രശ്നങ്ങളിൽ ഇടപെടുകയും അതിനെല്ലാം പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്ന ശ്ലാഘനീയമായ പ്രവർത്തിയാണ് പിസിഐ ചെയ്തുവരുന്നത്. തോമസ് വടക്കേക്കൂറ്റ്, കെ. എൻ. റസ്സൽ, എൻ. എം. രാജു തുടങ്ങിയവർ നേതൃത്വം നൽകിയിരുന്ന പ്രസ്ഥാനം ഇന്ന് പുതിയ ഭാരവാഹികളാണ് നയിക്കുന്നത്. അതിന്റെ ജനറൽ സെക്രട്ടറി ഗ്ലാഡ്സൺ ജേക്കബ് ഊർജ്ജസ്വലമായി സംഘടനയുടെ വിപുലീകരണത്തിനായി യത്നിക്കുകയാണ്. പെന്തെക്കോസ്ത് സഭകളെ ശക്തിപ്പെടുത്തുവാനും ഐക്യതയോടെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനുമുള്ള ശ്രമം വിജയിച്ചുവരികയാണ്. എന്നാൽ പിസിഐ യുടെ പ്രഖ്യാപിത നിലപാടുകൾക്ക് വിരുദ്ധമായി അതിന്റെ ഏറ്റവും ഉന്നതപദവിയിരിക്കുന്ന വ്യക്തി ഒരു പെന്തെക്കോസ്ത് പ്രസ്ഥാനത്തെ തകർക്കുവാൻ ഗൂഢനീക്കം നടത്തുകയാണ്. സഭയുടെ പ്രധാനചുമതലക്കാരൻ സ്ഥലത്തില്ലാതെയിരുന്നപ്പോൾ സഭാ ആസ്ഥാനത്ത് അനുവാദമില്ലാതെ നിയമവിരുദ്ധമായി നേതാവിനെതിരെയും സഭയ്ക്കെതിരെയും കൂടിയാലോചന നടത്തുകയുണ്ടായി. കേസ് കൊടുക്കുവാനും നേതാവിന്റെ ഭരണം സ്വസ്ഥതയില്ലാതെ പോകുവാനുമൊക്കെ ആണ് അവിടെ നടന്ന ആലോചന. പിസിഐയുടെ ഈ നേതാവിന് സഭാ പ്രസ്ഥാനത്തിൽ ഔദ്യോഗികമായ ചുമതലയൊന്നുമില്ല. വാർദ്ധക്യ കാലം നന്മചെയ്തും സമാധാനം ഉണ്ടാക്കിയും ജീവിക്കേണ്ട കാലമാണ്. എന്നാൽ കുത്തിതിരിപ്പ് ഉണ്ടാക്കിയും തന്റെ ആകുന്നകാലത്ത് നടക്കാതിരുന്ന ചിലതൊക്കെ നടത്തിയെടുക്കുവാൻ ചെറുപ്പക്കാരെ ഇളക്കിയും സമാധാനത്തിനുപകരം വിദ്വേഷം വളർത്തിയും പെന്തെക്കോസ്ത് ഐക്യവേദിയുടെ മുൻനിരപോരാളി കളിക്കുമ്പോൾ ആകെമൊത്തം ടോട്ടൽ ഒരു കൺഫ്യൂഷൻ. പിസിഐയുടെ പരിപാടികളിൽ മുഴുവനും പറയുന്നത് ഐക്യത്തെക്കുറിച്ച് മാത്രം. എന്നാൽ തന്റെ പ്രസ്ഥാനത്തോടുള്ള ബന്ധത്തിൽ അവിടെ നടത്തുന്നത് മുഴുവനും വിഘടന പ്രവർത്തനങ്ങളുമാണ്. ഒരേ ഉറവയിൽ നിന്ന് കയ്പും മധുരവും വരുന്ന ഈ പ്രതിഭാസം അദ്ഭുതകരം തന്നെ. സഭാ നേതൃത്വവും വിശ്വാസികളും ശു ശ്രൂഷകരുമെല്ലാം ഈ വിഷയത്തിൽ പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിലപാടറിയുവാൻ കാത്തിരിക്കുകയാണ്. പെന്തെക്കോസ്ത് സഭകളുടെ ഐക്യത്തിനായി നിലനിൽക്കുന്ന പിസിഐ. ഈ നേതാവിന്റെ കാര്യത്തിൽ എടുക്കുന്ന നിലപാട് അറിയുവാൻ ആകാംക്ഷയാണ് എല്ലാവർക്കും.

**അടിക്കുറിപ്പ്: ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം.**

## ഡോ. കോര സംസാരിക്കുന്നു



1. ഇന്ന് ചിലർ ഊമക്കത്തുകളുമായി വീണ്ടും ചർച്ച് ഓഫ് ഗോഡിൽ പ്രത്യക്ഷപ്പെടുന്നല്ലോ. എന്താണ് കോരേ കാരണം? – ബാലകൃഷ്ണൻ

*അധികാരം ലഭിക്കുമെന്നും ലഭിക്കണമെന്നും മോഹിച്ച് ആത്മനിയന്ത്രണം നഷ്ടപ്പെട്ട വലിയൊരു മഹാന്റെ മോഹഭംഗത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയം ഊമക്കത്ത് സാഹിത്യത്തിൽ പ്രാഗത്ഭ്യം തെളിയിച്ച വളർച്ചയില്ലാത്ത മറ്റൊരുവന്റെ സൃഷ്ടി. ഊമകൾ സംസാരിക്കാറില്ലല്ലോ. പിതൃത്വം എന്നത് മാന്യന്മാർക്ക് അഭിമാനത്തോടെ പറയുവാൻ പറ്റുന്നതാണ്. ഇത്തരം കത്തുകൾ പ്രചരിപ്പിക്കുന്നവർക്ക് അഭിമാനത്തോടെ പറയുവാൻ ചിലതൊന്നും ഇല്ലായെന്നുവേണം കരുതാൻ. അപ്പോൾ അത്തരക്കാർക്ക് ഇതേ പറ്റുകയുള്ളൂ. ഇവരുടെയൊക്കെ പ്രസംഗം കേൾക്കുന്നവരുടെ അവസ്ഥ ഓർക്കുമ്പോൾ കോരയ്ക്ക് സങ്കടം ഉണ്ട് എന്നുമാത്രം.*

2. സിനിമ പാപത്തിന്റെ നിർവ്വചനത്തിൽ വരുമോ കോരേ? – എബി, ഡാളസ്

*മീനിന്റെ വിലപ്പമനുസരിച്ചാണ് കൊക്ക് കണ്ണടയ്ക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ മീനിന്റെ വലിപ്പം അനുസരിച്ച് പട്ടികയിൽ ഉൾപ്പെടുത്തുകയും ഒഴിവാക്കുകയും ചെയ്യാം.*

3. നിയമസഭയിൽ തോമസ് ഐസക് അവതരിപ്പിച്ച കേരള സംസ്ഥാന ബജറ്റ് ചോർന്നു. അതിന്റെ പേരിൽ നടന്ന ബഹളങ്ങൾ ആവശ്യമായിരുന്നോ കോരേ? – സുബിൻ, കുമ്പനാട്

*ബഹളത്തിനുവേണ്ടിയുള്ള ബഹളം. മുല്ലപെരിയാർ അണക്കെട്ടൊന്നുമല്ലല്ലോ ചോർന്നത്. നമ്മുടെ കൗൺസിൽ മീറ്റിംഗുകളിലൊക്കെ മൊബൈൽ ഓൺ ചെയ്ത് ഇരിക്കുന്നവരാണല്ലോ പലരും.*

## കവിത



ബേസിൽ വർഗീസ്

# ലക്ഷ്യം

നിത്യത ലക്ഷ്യമായി കണ്ടു നാം മന്നിലെ-
യാത്രകളെന്നുമേ ചെയ്തിടേണം...
വാഗ്ദത്തനാടതിലെത്തി നാം കാന്ത-
നോടൊത്തു വസിക്കുവാൻ കാലമായ്...
പോർക്കള മേടുകളേറെക്കടന്നു നാ-
മെത്തണം രക്ഷകൻ സന്നിധിയിൽ....

ലക്ഷ്യത്തിലെത്താതകറ്റുന്ന ശത്രുവിൻ
തന്ത്രങ്ങളേതുമറിഞ്ഞിടേണം
ബന്ധനമാകുമെന്നാത്മവുണർത്തുന്ന-
തേതും ത്യജിച്ചു നാമോടിടേണം...
കണ്ണുകൾക്കിമ്പമെന്നിന്നു നിനക്കുന്ന-
ലോക മോഹങ്ങൾ നാം വിട്ടിടേണം...

ഭൗതീകനന്മകളേതുമേ ദൈവീക-
മെന്നുള്ള ചിന്തകൾ മാറ്റിടേണം...
തീഷ്ണമാം ലൗകീക മോഹങ്ങളേതുമേ
ലക്ഷ്യത്തിലെത്താതകറ്റുമെന്നോർക്കണം...
നശ്വര ലോകത്തെയഗ്നിയാൽ ന്യായം-
വിധിക്കുന്ന നാളടുത്തോർത്തിടേണം...

രോഗദുഃഖങ്ങളെ ശാപമായി കാണാതെ
ദൈവഹിതത്തിനായി കാത്തിടേണം...
രോഗിയായി ദേഹം ക്ഷയിച്ചിടുന്നേര-
മിയ്യോബിന് കഷ്ടങ്ങളോർത്തിടേണം...
ഇന്നു നിൻ ദേഹം ക്ഷയിട്ടിടുമെങ്കിലും-
ദേഹസഹിതനായി കണ്ടിടും ക്രിസ്തുവെ...

ഓട്ടക്കളത്തിനു തുല്യമാണീലോക-
യാത്രയെന്നുള്ളിൽ നിനച്ചിടേണം...
പിന്തിരിഞ്ഞൊന്നു നാം നോക്കുകിൽ പിന്നി-
ലായി പോകുമെന്നോർത്തു നാമോടിടേണം
"ഞാനാ"ണു വഴിയെന്നുര ചെയ്ത ക്രിസ്തുവിൻ-
പാത നാമോടണം, ലക്ഷ്യത്തിലെത്തണം....

# നിത്യതയിൽ



### ശോശാമ്മ മാത്യു(86)

**തിരുവല്ല:** പമ്പാ ഷുഗർ ഫാക്ടറി റിട്ട: ഉദ്യോഗസ്ഥൻ കല്ലുങ്കൽ വല്ല്യത്ത് പരേതനായ വി.ജി. മാത്യുവിന്റെ ഭാര്യ ശോശാമ്മ മാത്യു(86) നിര്യാതയായി. ഐ.പി.സി. ബെഥേൽ ചർച്ചിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി.

മക്കൾ: കുഞ്ഞുമോൾ(യു.എസ്.എ), മേരിക്കുട്ടി(ഒറീസ), പാസ്റ്റർ വർഗീസ് മാത്യു( ഐ.പി.സി. കർണ്ണാടക സ്റ്റേറ്റ്സെക്രട്ടറി), പാസ്റ്റർ ഡോ.ഏബ്രഹാം മാത്യു(ഐപിസി ലിംഗരാജപുരം), റോയി മാത്യു(യു.എസ്.എ), പീറ്റർ മാത്യു(ഐപിസി കൗൺസിൽ അംഗം, കേരള പ്രവാസി സംഘം പത്തനംത്തിട്ട ജില്ല പ്രസിഡന്റ്)., മരുമക്കൾ: പാസ്റ്റർ വി.പി.തോമസ്, പാസ്റ്റർ വി.റ്റി. ജോൺ(ഒറീസ), ഡെയ്സി(ബാംഗ്ലൂർ), ആലീസ്(ബാംഗ്ലൂർ), മേഴ്സി(യു.എസ്.എ), ജോളി.



### എൻ. സി. ചാക്കോ(71)

**വെൺമണി:** ചർച്ച് ഓഫ് ഗോഡ് മുൻ കൗൺസിൽ അംഗവും ഡിസ്ട്രിക്ട് പാസ്റ്ററുമായിരുന്ന നടുവിലേത്ത് എൻ.സി. ചാക്കോ(71) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: മോളി, മക്കൾ: പാസ്റ്റർ ചെറിയാൻ ചാക്കോ, ജെസി, ബിജു., മരുമക്കൾ: പാസ്റ്റർ സ്റ്റീഫൻ ജോർജ്, ജെൻസി ചെറിയാൻ, ഫെജി ബിജു.



### കൊടുന്തറ ഉമ്മച്ചന്റെ ശോശാമ്മ ജോർജ്ജ്

**ഡാളസ്:** ഐപിസി ആരംഭകാല പ്രവർത്തകരിൽ പ്രമുഖനായിരുന്ന പരേതനായ കൊടുന്തറ ഉമ്മച്ചന്റെ (പാസ്റ്റർ കെ. സി. ഉമ്മൻ) ഇളയ മകൾ ശോശാമ്മ ജോർജ്ജ് (87) ഫെബ്രുവരി 26-ാം തീയതി ഞായർ വൈകിട്ട് 10.20ന് ഡാളസിൽ നിതൃതയിൽ. ഐപിസി പ്രാരംഭപ്രവർത്തകരിൽ ഒരാളായിരുന്ന ആര്യപ്പള്ളിൽ അവറാച്ചന്റെ മകൻ പരേതനായ എ. എ. ജോർജിന്റെ ഭാര്യയാണ് ശോശാമ്മ. മക്കൾ: ഏബ്രഹാം ജോർജ്ജ് (ബാബു), ജേക്കബ് ജോർജ്ജ് (തങ്കച്ചൻ), തങ്കമ്മ, മോളി, കുഞ്ഞുമോൾ (എല്ലാവരും യു.എസ്എ.). മരുമക്കൾ: ലീലാമ്മ, വത്സമ്മ, മോനി, പാസ്റ്റർ സാം ജോർജ് (ഐപിസി മുൻ ആക്ടിംഗ് ജനറൽ സെക്രട്ടറി), ഏബ്രഹാം ശമുവേൽ. പരേതരായ അന്നമ്മ ഐസക്ക്, ഏലിയാമ്മ വർഗീസ്, റെയ്ച്ചൽ ചാക്കോ എന്നിവരാണ് പരേതയുടെ സഹോദരിമാർ. പൊതുദർശനവും മെമ്മോറിയൽ സർവ്വീസും മാർച്ച് 3 വെള്ളി വൈകിട്ട് 6.30 മുതൽ 9.00 വരെയും സംസ്കാര ശുശ്രൂഷ മാർച്ച് 4 ശനിയാഴ്ച രാവിലെ 9.30ന് ഐപിസി ടാബർനാക്കിൾ ചർച്ചിൽ വെച്ച് നടന്നു. സംസ്കാരം തുടർന്ന് ന്യൂഹോപ്പ് സണ്ണിവീൽ ഫ്യൂണറൽ ഹോമിൽ നടന്നു.

# ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്

മേത്താനം പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 6-ാമത് ഗോസ്പൽ മ്യൂസിക് ഫെസ്റ്റും വചനപ്രഘോഷണവും ഏപ്രിൽ 2, 3, 4 തീയതികളിൽ (ഞായർ, തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ മേത്താനം ഗിൽഗാൽ ഗ്രൗണ്ടിൽ നടക്കും. വൈസ് പ്രസിഡന്റ് റവ. സുകു. കെ തോമസ് അധ്യക്ഷത വഹിക്കുന്ന യോഗം റവ. തോംസൺ തകടിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ രാജു ആനിക്കാട്, എബി. കെ. ജോർജ്ജ്, റവ. ഒ. എം. രാജുക്കുട്ടി എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. എം. ജി. യൂണിവേഴ്സിറ്റി എംഎസ്സി ഫിസിക്സ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കുമാരി സുബി മാത്യുവിനെ ചടങ്ങിൽ ആദരിക്കും. കോട്ടയം പിഫാൻ വോയ്സ് ഗാനങ്ങളാലപിക്കും. സജിമേത്താനം, ജോൺ മാത്യു തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

# ജനറൽ കൺവൻഷൻ

**കൊൽക്കത്ത:** ഇന്ത്യാ ദൈവസഭ സെൻട്രൽ ഈസ്റ്റ് റീജിയൻ വെസ്റ്റ് ബംഗാൾ സംസ്ഥാന ജനറൽ കൺവൻഷൻ 2107 മാർച്ച് 3 മുതൽ 5 വരെ കൊൽക്കത്ത അലിപ്പൂർ ജൂനിയർ കോളജ് ഗ്രൗണ്ടിൽ വെച്ച് നടന്നു. കൊൽക്കത്ത റീജിയൻ ഓവർസീയർ റവ. ബെന്നി ജോൺ ഉദ്ഘാടനം ചെയ്ത കൺവൻഷനിലെ വിവിധ സെക്ഷനുകളിൽ റവ. വിവേക് കുമാർ സാഹു, റവ. ഷിബു റ്റി. മാത്യു, റവ. ശങ്കർ ദാസ്, റവ. സണ്ണി ബാഗ്, റവ. മാത്യൂസ്, റവ. ഗരിബർ ദാസ് തുടങ്ങിയ ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിച്ചു. ഏലീം വോയ്സ്(കൊൽക്കത്ത) ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

01

# ഐ.പി.സി. തിയോളജിക്കൽ.....

വിതരണം ചെയ്തു. സെമിനാരി പഠനത്തിലും സുവിശേഷ പ്രവർത്തനങ്ങളിലും ഇതര സേവനരംഗങ്ങളിലും മികവ് പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ അവാർഡുകൾ പ്രസ്തുത സമ്മേളനത്തിൽ നൽകപ്പെട്ടു. ഐ.പി.സി പുതുപ്പള്ളി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ പി.എ.മാത്യു ഗ്രാഡുവേറ്റ് ചെയ്ത വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. ഐ.പി.സി സെമിനാരി ആരംഭിച്ച 2001 മുതൽ കഴിഞ്ഞ ഒന്നര പതിറ്റാണ്ട് സെമിനാരിയുടെയും സൊസൈറ്റിയുടെയും പ്രവർത്തനത്തിന് മാതൃപരമായ നേതൃത്വം നൽകിയ പരേതനായ പാസ്റ്റർ കെ. സി. ചെറിയാന്റെ സേവനങ്ങളെ ഈ സമ്മേളനത്തിൽ അനുസ്മരിച്ചു.

ഐ.പി.സി. എഡ്യൂക്കേഷൻ ആൻഡ് വെൽഫയർ സൊസൈറ്റി പ്രസിഡന്റ് പാസ്റ്റർ തോമസ് എബ്രഹാം, സെമിനാരി സെനറ്റ് വൈസ് ചെയർമാൻ ഡോ. ഇടിച്ചെറിയ നൈനാൻ എന്നിവർ ഗ്രാഡുവേറ്റ്സിനോടുള്ള വിടവാങ്ങൽ സന്ദേശങ്ങൾ നൽകി. കൗൺസിലിംഗ് കോഴ്സുകൾ നടത്തുന്നതിനും കൗൺസലിംഗ് സേവനങ്ങൾ സമൂഹത്തിൽ ലഭ്യമാകുന്നതിനുമായി റിസോഴ്സ് സെന്റർ ഫോർ കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി എന്ന പേരിൽ സെമിനാരിയുടെ പുതിയ ഡിപ്പാർട്ട്മെന്റ് ഈ സമ്മേളനത്തിൽ ഡോ.ഇടിച്ചെറിയ നൈനാൻ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. ബ്രദർ പി.എം. ചെറിയാൻ, ബ്രദർ ജോയി താനവേലിൽ, ബ്രദർ കുര്യൻ തോമസ്(ന്യൂയോർക്ക്), ബ്രദർ സജി പോൾ എന്നിവർ ആശംസ സന്ദേശങ്ങൾ നൽകി. കോട്ടയം നോർത്ത് സെന്റർ ആക്റ്റിംഗ് പ്രസിഡന്റ് പാസ്റ്റർ ഏ. റ്റി. ജോർജിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ സമ്മേളനം സമാപിച്ചു.


# വൈവാഹികം

ബി.എസ്.സി. നേഴ്സ് 22 വയസ്സ്, 5'3" ഉയരം. പൂനെയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന പെന്തെക്കോസ്ത് യുവതി. വിദേശത്ത് ജോലിയുള്ള (ഗൾഫ് വേണ്ട) രക്ഷിക്കപ്പെട്ട പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

ഫോൺ: 9447201099

Parents of Marthomite invite proposal from the parents of equally Qualified boy for their daughter BA, LLB, Delhi University, 5'8", 27 years practising in Delhi Courts.
Contact: manthrayil@hotmail.com

**Phone: 9495441721 / 04772762400**

ബി.എസ്.സി. നേഴ്സ് 26 വയസ്സ്, 163സെ. മീ. ഉയരം. സൗദിയിൽ നേഴ്സ്. ഇരുനിറം. രക്ഷിക്കപ്പെട്ട പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

ഫോൺ: 9446242107





# പി. സി. ഐ. വാർഷിക സമ്മേളനം സമാപിച്ചു



**കുന്നംകുളം:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ കുന്നംകുളം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 12 ന് ഞായർ ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ കുന്നംകുളം ലിവാ ടവറിൽ വെച്ച് വാർഷിക സമ്മേളനവും നിയമബോധന സെമിനാറും നടത്തപ്പെട്ടു. ചാപ്റ്റർ പ്രസിഡണ്ട് പാസ്റ്റർ എം. ജി ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഗ്ലാഡ്സൺ ജേക്കബ് സമ്മേളനം ഉത്ഘാടനം ചെയ്തു. ക്രൈസ്തവ ചിന്ത ചീഫ് എഡിറ്റർ ബ്രദർ. കെ. എൻ റെസൽ ചാപ്റ്റർ അംഗങ്ങൾക്കുള്ള മെമ്പർഷിപ്പ് കാർഡ് വിതരണം ചെയ്തു. ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ബ്രദർ. പി. ഇ. വർഗ്ഗീസ് സെമിനാർ നയിച്ചു. ഡോ. സാജൻ സി. ജേക്കബ് ആമുഖ സന്ദേശം നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങളെ കുറിച്ച് ക്ലാസ്സെടുത്തു. ട്രഷറർ. ബ്രദർ ഷാജൻ മുട്ടത്ത് സ്വാഗതവും, പാസ്റ്റർ അനിൽ തിമോത്തി നന്ദിയും പ്രകാശിപ്പിച്ചു. വൈസ് പ്രസിഡണ്ട് പാസ്റ്റർ ബെന്നി ജോസഫ്, പ്ലബിസിറ്റി കൺവീനർ അജീഷ് കെ മാത്യു, ബ്രദർ സി. ജെ. എബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

# ഫാമിലി കൗൺസിലിംഗ്

ഐപിസി മുണ്ടക്കയം സെന്റർ സോദരി സമാജത്തിന്റെ നേതൃത്വത്തിൽ ജനു.28ന് റാണി ഓഡിറ്റോറിയത്തിൽ ഫാമിലി കൗൺസിലിംഗ് നടത്തി. കുടുംബ ജീവിതം എങ്ങനെ സന്തോഷകരമാക്കാം എന്ന വിഷയത്തെക്കുറിച്ചു വിവിധവശങ്ങൾ സിസ്റ്റർ ഗിരിജാ സാം (BD, MSW) പാസ്റ്റർ രാജൻ ജെ. ആശേർ (MA, BD) എന്നിവർ ക്ലാസ്സുകൾ എടുത്തു. പാസ്റ്റർ സുനിൽ വേട്ടമല അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ അമ്മിണി ദേവസ്യ (സോണൽ സെക്രട്ടറി) ഉത്ഘാടനം ചെയ്തു. സിസ്റ്റർ ഒമേഗാ സുനിൽ, സുധ ശേഖർ എന്നിവർ നേതൃത്വം നൽകി.

# ഭാരവാഹികൾ

**മുണ്ടക്കയം:** ഐപിസി മുണ്ടക്കയം സെന്ററിലെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ സുനിൽ വേട്ടമല സെന്റർ കോർഡിനേറ്റർ (പ്രസിഡന്റ്), പാസ്റ്റർ കെ. ആർ. രാജൂ (വൈസ് പ്രസിഡന്റ്), സുവി. ഷിജുമാത്യു (സെക്രട്ടറി), ബ്രദർ വി. എം. ശേഖർ (ജോ. സെക്രട്ടറി), ബ്രദർ കെ. പി. ജോണിക്കുട്ടി (ട്രഷറർ) ഉൾപ്പെടെ 11 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു.

# ഏകദിന സെമിനാർ

**റാന്നി:** മന്ദമരുതി ബെഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയിൽ 2016 ഫെബ്രുവരി 20 തിങ്കളാഴ്ച്ച ഏകദിന സെമിനാർ നടത്തപ്പെട്ടു. 'തിരുവചനവും മൂലഭാഷയും' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ബാബു ജോൺ വേട്ടമല ക്ലാസ്സെടുത്തു. പ്രിൻസിപ്പാൾ ഡോ. സാബു പോൾ, റവ. ജെസ്സൻ തോമസ് എന്നിവർ നേതൃത്വം നൽകി.

## 04 ആത്മീയ നേതൃത്വം അർത്ഥ....

രുടെ കാൽ കഴുകി തുടച്ച, യേശു കാണിച്ച സേവനത്തിന്റെയും ദാസ്യത്വത്തിന്റെയും മാതൃക എത്രയോ ഉദാഹരണമാണ്. ക്രിസ്തീയ, ആത്മീയ നേതൃത്വവും ഒരളവിൽ പറഞ്ഞാൽ തന്റെ ജനത്തെ സേവിക്കാനുള്ള സന്മനസ്സാണെന്ന് പറയേണ്ടി വരും. അതായത് 'നേതാവും അണികളും' എന്നൊരു വ്യത്യാസം ആത്മീയ നേതൃത്വത്തിന് ഭൂഷണമല്ല. സുവിശേഷീകരണത്തിനും ദൈവരാജ്യ വ്യാപ്തിക്കും വേണ്ടി പോരാടുവാൻ ഈ കാലഘട്ടത്തിന് കരുത്തറ്റ ആത്മീയ നേതൃത്വം അനിവാര്യമാണ്. ദുരുപദേശത്തിനും അധാർമ്മിക പ്രവണതകൾക്കുമെതിരെ ചങ്കുറപ്പോടെ നില കൊള്ളുന്ന മാതൃകയുള്ള നേതൃത്വമാണ് ഇന്ന് അനിവാര്യം. യേശുക്രിസ്തു കാട്ടിത്തന്ന സേവന മനോഭാവവും, ത്യാഗപൂർണ്ണമായ ജീവിതവും ദാസ്യമനോഭാവവും, ദൈവീക പദ്ധതികൾക്കായി തങ്ങളെ തെരഞ്ഞെടുത്തതാണെന്ന തിരിച്ചറിവുമുള്ള നേതൃത്വം അർത്ഥപൂർണ്ണമാവുക തന്നെ ചെയ്യും. തീർച്ച!

## 02 Elephant and...

patient, love is kind, it does not envy, it does not boast, it is not proud, it does not dishonor others, it is not self-seeking, it is not easily angered, it keeps no record of wrongs, love does not delight in evil but rejoices with the truth, it always protects, always trusts, always helps, always perseveres... we can see almost fourteen attributes or features of love here. If you love a person, the above said things become a part of your life. A family becomes a heaven, when its members possess a heart to love each other in spite of their weakness. Word of God says that love covers a multitude of sins. Hence, let us learn to love.

**2. Understand each other**

A husband and wife should understand each other well. They should know strengths and weaknesses of each other. Accept each other the way they are. Some say that women are more stone-hearted than men. As an explanation to this, they say that "God created man out of dust, whereas He created woman out of a rib bone." The bone is indeed tougher than the dust. If a woman cries, her tears have the power to melt any man's heart. Since man is a dust... won't it melt if it gets wet? Many problems can vanish away if you understand each other well. But many people live in misunderstandings, instead of trying to understand each other. Some things can be understood seeing while others require interrogation to understand.

**3. Accept the weakness**

No one is born without any weakness. In other words, nobody is perfect. The one who cannot accept others with their weaknesses finds difficulty to lead a successful family life. This may include habitual, bodily and emotional weakness. If one humiliates wife/husband in front of others we need to understand that it is a humiliation for self too.

The weaknesses or faults can be overlooked while having a love affair, but these weaknesses and faults can be prominent while living together. This is because while having an affair people like to portray their partner as someone great and the one without any faults. Thus they will not see fault as fault instead considers it as a mistake. The same mistakes will become big faults after marriage. When both correct and forgive each other they are growing together in the garden of family.

**4. Helping each other**

Family means to share. The married couples should be able to share their love, joys, sorrows, responsibilities. No work is assigned only for one person. One will not lose dignity, if they help their wife in household chores. Husbands love for wives would increase if the wives are ready to help them in their works. God has called you as a family to share each other's burden. And hence, you should be more prepared for this. If so, life would be happier.

**5. Respect each other**

Giving respect to people in the neighborhood while this respect is not shown towards husband will trigger many problems in the family. Many people don't have the understanding on how to respect each other.

While on a tour abroad we happened to dine in a wealthy family. The husband of the family has a good job. He was explaining about his colleagues. Suddenly a call came from the kitchen. "Sunny! food is ready, come and eat.' We looked at each other and even that person felt ashamed. Some ask is it fine to call husbands in names? Does the Bible talk anything about this? But in Kerala culture wives don't call their husbands in name. The culture is different in foreign countries. Now a days many don't even think that husbands should be elder. When one addresses his/her partner it shows how he/she respects the partners.

Husbands should love their wives and should also learn to address with respect. In olden days husbands were at least five to ten years elder to the wives. The life of Sarah who respected her husband Abraham is an example for us till today.

**6. Care for each other**

You should care for your partner as you care for yourself. Your partner is part of your own body. Let your partner understand your care through your words and actions of love. Then life will be cherishable.

No one is perfect. So learn to live by accepting and forgiving each other's weaknesses. Erase out words like divorce, separation from your life forever. Let God be the centre of your family life.

## 01 ഐസിന്റെ പുതിയ....

ദ്ദേഹത്തെ തുറങ്കലിൽ അടക്കുകയും ചെയ്തു. സിസിയുടെ ഗവൺമെന്റ് ക്രൈസ്തവരെ സംരക്ഷിക്കാൻ നടപടികൾ കൈകൊണ്ടെങ്കിലും ഐസിന് ഈജിപ്റ്റിൽ പിന്തുണ വർദ്ധിക്കുന്നു. നൂറ് കണക്കിന് കുടുംബങ്ങൾ സിനായി വിട്ടോടുന്നുവെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വലിയ സഹായം ലഭിച്ചില്ല എന്ന് ന്യൂനപക്ഷങ്ങൾ ആരോപിക്കുന്നു.

എന്നാൽ ഈജിപ്റ്റിലെ ക്രൈസ്തവ സഭകൾ ഒന്നാകെ ഭീകരാക്രമണങ്ങളെ അപലപിക്കുകയും ഒരുമിച്ച് പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

# സുവിശേഷ പ്രവർത്തനം

മുണ്ടക്കയം സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ജനുവരി 30ന് കരിനിലത്ത് ഭവനസന്ദർശനം നടത്തി. പ്രസിഡന്റ് വൈ. അച്ചൻകുഞ്ഞ്, സെക്രട്ടറി പാസ്റ്റർ ദാനിയേൽ ജോർജ് എന്നിവർ നേതൃത്വം നൽകി.


Patmos Ministries India

ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംപ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

പ്രാർത്ഥനയ്ക്കായി വിളിക്കൂ

പത്മോസ് പ്രയർ ടവർ

തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 05

BELIEVERS JOURNAL

PUBLISHED ON 10/03/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

CHURCH OF GOD (FULL GOSPEL) IN INDIA
KERALA STATE

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ
State Treasurer-Counselling Dept.
Church of God
Director - Bethel Prayer Ministry
E-mail: vijucgi@gmail.com

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

**DISTRIBUTERS IN:** സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.